VOL NO: 05 | ISSUE 13
www.nerpatham.com
mail@nerpatham.com

2021 MARCH 27 | ₹12

# നേർപഥം

വാരിക



# ഒട്ടകം ഒരു ദൈവിക ദൃഷ്ടാന്തം

സ്രഷ്ടാവിന്റെ സവിശേഷമായ സൃഷ്ടികളിലൊന്നാണ് ഒട്ടകം. പരുപരുത്ത ജീവിത സാഹചര്യങ്ങളെ അതിജീവിക്കാനായി സ്രഷ്ടാവ് അതിന് നൽകിയ ജൈവികപ്രത്യേകതകൾ ഏതൊരാളെയും ഇരുത്തിച്ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നവയാണ്.

- അപരന്മാർ അരങ്ങുവാഴുന്ന തെരഞ്ഞെടുപ്പുകൾ

- പരീക്ഷയെ ആർക്കാണു പേടി?
- തൗഹീദുള്ളവരുടെ ബാധ്യതകൾ
- ദൈവനിഷേധം യുക്തിയോ യുക്തിരാഹിത്യമോ?
- ഡോ: ആർ.കെ. നൂർ മുഹമ്മദ് മദനി: പ്രബോധകർക്ക് മാതൃകയായ പണ്ഡിതൻ

**2021-22**
**രജിസ്ട്രേഷൻ ആരംഭിച്ചു**




- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് അഡ്മിഷൻ

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി: ഏപ്രിൽ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

SCHOOL OF Qura'n

READ. LEARN. EVOLVE

**Office: Jamia Campus | Mini Ootty**
**Malappuram | Kerala | PIN 676519**

**CENTERS:**

KASARAGODE: 8089192273 | KANHANGAD: 9544874747 | THALIPARMBA: 8606776770
KINAVAKKAL: 9495696216 | VADAKARA: 81570 42851 | KAPPAD 9846808230
PARAPPANAGADI: 9544924596 | TIRUR 9633099992 | THOTTASSERYARA: 8606600555
CHATTIPARAMBA: 9496526220 | KOLATHUR: 9447626843 | KOTTAKKAL: 9995798755
EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 7012902827
EDAKKARA: 9052602690 | VENGIDANGU: 9048869220 | MARANJERY: 7559955255
ERANAKULAM: 9061884888 | KOLLAM 9633540205 | ALAPPUZHA: 9895629378
ATTINGAL: 949771452 | KODUVAYUR: 9656118833 | KOLLAYIL: 9747258263
COIMBATORE: 9080475224 | ERODE: 9942958888

www.schoolofquran.in mail@schoolofquran.in SchoolOfQuranJamia

0219

നേർപഥം

വാരിക

2021 മാർച്ച് 27

1442 ശഅബാൻ 13

പുസ്തകം 05 / ലക്കം 13





**10**

**ഒട്ടകം ഒരു ദൈവിക ദൃഷ്ടാന്തം**

ഡോ. സബീൽ പട്ടാമ്പി

**05**
**മുഖമൊഴി**
അപരന്മാർ അരങ്ങുവാഴുന്ന തെരഞ്ഞെടുപ്പുകൾ
എഡിറ്റർ

**06**
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

**15**
**ചരിത്രപഥം**
സഅ്ദുബ്നു മുആദ്(റ)
മുഹമ്മദ് ശമീൽ

**16**
**ലേഖനം**
പരീക്ഷയെ ആർക്കാണു പേടി?
ഡോ. സഫീറുദ്ദീൻ നഗരൂർ

**21**
**ചരിത്രപഥം**
ഉത്തരം ലഭിച്ച പ്രാർഥനകൾ
ഹുസൈൻ സലഫി, ഷാർജ

**26**
**ലേഖനം**
തൗഹീദുള്ളവരുടെ ബാധ്യതകൾ
മൂസ സ്വലാഹി, കാര

**30**
**നമുക്ക് ചുറ്റും**
രുചിച്ചുനോക്കരുത്; ഒരിക്കലും
സലാം സുറുമ എടത്തനാട്ടുകര

**31**
**അനുസ്മരണം**
ഡോ: ആർ.കെ. നൂർ മുഹമ്മദ് മദനി: പ്രബോധകർക്ക് മാതൃകയായ പണ്ഡിതൻ
അബ്ദുൽ മാലിക് സലഫി

**32**
**ലേഖനം**
ദൈവനിഷേധം യുക്തിയോ യുക്തിരാഹിത്യമോ?
മമ്മദ് പി.പി, തിക്കോടി

**34**
**കവിത**
സ്നേഹ സമ്മാനം
സ്വാദിഖ് ബിൻ സലീം



Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly




ചലനങ്ങൾ

# പ്രളയം: ആശ്വാസമായി വിസ്ഡം സ്നേഹ സ്പർശം 105 വീടുകൾ സമർപ്പിച്ചു

കോഴിക്കോട്: 2018,19ലെ പ്രളയത്തെതുടർന്ന് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ 'സ്നേഹസ്പർശം' പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച 105 വീടുകളുടെ നിർമാണം പൂർത്തീകരിച്ച് ഔപചാരികമായി ഉപഭോക്താക്കൾക്ക് കൈമാറി.

പൂർണമായും വീടുകൾ നഷ്ടപ്പെട്ടവരിൽ നിന്നുള്ള 105 പേർക്കാണ് സ്നേഹസ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി വീടുനിർമാണ സഹായം നൽകിയത്. 89 വീടുകൾക്കുള്ള അറ്റകുറ്റ പണികളും സ്നേഹ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകിയിട്ടുണ്ട്.

എറണാകുളം 12, തൃശൂർ 6, വയനാട് 8, കോട്ടയം 7, മലപ്പുറം 62, ആലപ്പുഴ 3, പാലക്കാട് 3, കോഴിക്കോട് 3, കണ്ണൂർ 1, എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള കണക്കുകൾ. 650 സ്ക്വയർ ഫീറ്റ് മുതൽ 750 സ്ക്വയർ ഫീറ്റ് അളവിലുള്ള വീടുകളാണ് നിർമിച്ചിരിക്കുന്നത്.

വീടുകളുടെ ഔപചാരിക കൈമാറ്റം എം.കെ രാഘവൻ എം.പി നിർവഹിച്ചു. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. എഞ്ചിനീയർ മുഹമ്മദ് സഫീറിനുള്ള ഉപഹാരം അഡ്വ. എ. പ്രദീപ്കുമാർ എം.എൽ.എ നൽകി. കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ സി.പി മുസാഫർ അഹമ്മദ് മുഖ്യാതിഥിയായിരുന്നു. മദ്റസ ക്ഷേമനിധി ബോർഡ് ചെയർമാൻ അബ്ദുൽ ഗഫൂർ എം.പി, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് ഉമർ പാണ്ടികശ്ശാല, വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി, അബൂബക്കർ സലഫി, ടി.പി അബ്ദുൽ അസീസ് എന്നിവർ സംബന്ധിച്ചു.

## മതനിരപേക്ഷ മൂല്യങ്ങളുടെ പ്രചാരണത്തിന് ഊന്നൽ നൽകണം: മുജാഹിദ് സംസ്ഥാന കൗൺസിൽ

കോഴിക്കോട്: മതനിരപേക്ഷ മൂല്യങ്ങളുടെ പ്രചാരണത്തിന് ഊന്നൽ നൽകി രാജ്യത്തെ ഫാഷിസ്റ്റ് ശക്തികളിൽനിന്ന് സംരക്ഷിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുന്നോട്ടുവരണമെന്ന് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു. ഇതര മതവിഭാഗങ്ങൾക്കിടയിൽ സാഹോദര്യവും സൗഹാർദവും ശക്തിപ്പെടുത്താൻ പ്രത്യേക പദ്ധതികൾ നടപ്പാക്കണം.

മുസ്ലിംകൾ ഉൾപ്പെടെ രാജ്യത്തെ പിന്നാക്കവിഭാഗങ്ങളായ ദളിത്, പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണങ്ങൾക്കപ്പുറം ഉദ്യോഗ, ഭരണ രംഗത്ത് പങ്കാളികളാകാൻ സാധിക്കുന്നവിധം സാമൂഹിക ഘടനയിൽ സംവിധാനങ്ങളുണ്ടാകണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ജനറൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. അബൂബക്കർ സലഫി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, സി.പി സലീം, ഫൈസൽ മൗലവി പുതുപ്പറമ്പ്, അബ്ദുൽ മാലിക് സലഫി, ഹുസൈൻ കാവനൂർ, കെ. സജ്ജാദ്, അബ്ദുന്നാസിർ സ്വലാഹി കണ്ണൂർ, കെ.വി ഇബ്റാഹീം വയനാട്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡൻറ്സ് ജനറൽ സെക്രട്ടറി ശമീൽ അരീക്കോട്, കെ. ഇമ്പിച്ചിക്കോയ സാഹിബ്, ബഷീർ കുണ്ടായിത്തോട്, അബ്ദുറഹ്മാൻ മദനി പുളിക്കൽ, റഷീദ് മാസ്റ്റർ കാരപ്പുറം, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, റഷീദ് കൊടക്കാട്ട്, അശ്റഫ് സുല്ലമി തൃശൂർ, ജാബിർ വി. മൂസ എറണാകുളം, ബഷീർ.എം ആലപ്പുഴ, സെയ്തു മുഹമ്മദ് കൊല്ലം തുടങ്ങിയവർ സംസാരിച്ചു.

മുഖമൊഴി

# അപരന്മാർ അരങ്ങുവാഴുന്ന തെരഞ്ഞെടുപ്പുകൾ

ജനാധിപത്യ സംവിധാനത്തിന് അതിന്റേതായ ഗുണവശങ്ങളും ദോഷവശങ്ങളുമുണ്ട്. ജനങ്ങളുടെ ഭരണാധികാരികളെ ജനങ്ങൾതന്നെ തെരഞ്ഞെടുക്കുന്നു എന്നതുതന്നെയാണ് അതിൽ ഏറ്റവും ഗുണകരമായ വശം. എന്നാൽ മത്സരത്തിൽ വിജയിക്കുവാനും സർക്കാറിനെ താഴെയിറക്കുവാനും നെറികെട്ട കാര്യങ്ങൾ ചെയ്യുവാൻ പാർട്ടികൾക്ക് പഴുതുകൾ ഏറെയുണ്ട് എന്നത് വളരെ മോശമായ ഒരു വശമാണ്. തെരഞ്ഞെടുക്കപ്പെട്ട നിയമസഭാ പ്രതിനിധികളെ കോടികൾ വാഗ്ദാനം ചെയ്തോ ഭീഷണിപ്പെടുത്തിയോ ഒക്കെ തങ്ങളുടെ പക്ഷത്താക്കി ഭൂരിപക്ഷമുറപ്പിക്കാൻ കളിക്കുന്ന കളികൾ നാം കണ്ടുകൊണ്ടിരിക്കുന്നുണ്ട്. തങ്ങളുടെ എംഎൽഎമാരെ എതിർപാർട്ടിക്കാർ വലവീശിപ്പിടിക്കാതിരിക്കുവാനായി അവരെ മുഴുവൻ അജ്ഞാതകേന്ദ്രത്തിലോ ദൂരെയുള്ള ഏതെങ്കിലും റിസോർട്ടിലോ അടച്ചിടുന്ന ഗതികേട് മൂല്യച്യുതിവന്ന രാഷ്ട്രീയത്തെയാണ് ചൂണ്ടിക്കാട്ടുന്നത്.

രാഷ്ട്രീയം രാഷ്ട്രത്തെയും എല്ലാവിഭാഗം ജനങ്ങളെയും സേവിക്കുന്ന പ്രവർത്തനമാകേണ്ടതിനു പകരം പാർട്ടിയുടെയും ഭരിക്കുന്നവരുടെയും അവർക്ക് ഓശാനപാടുന്നവരുടെയും വികസനത്തിലൊതുങ്ങുന്നത് ജനാധിപത്യത്തെ അവഹേളിക്കുന്നതും ലജ്ജാകരവുമായ ഏർപ്പാടാണ്.

കേരളം ഒരു നിയമസഭാ തെരഞ്ഞെടുപ്പിന്റെ ചൂടിൽ അമർന്നിരിക്കുകയാണ്. മൂന്നു മുന്നണികളും അവരുടെ സ്ഥാനാർഥികളെ പ്രഖ്യാപിച്ചുകഴിഞ്ഞു. 'തെരഞ്ഞെടുപ്പ് ഒരു യുദ്ധമാണ്. യുദ്ധത്തിൽ വിജയമാണ് പ്രധാനം. അതിനായി എന്തും ചെയ്യാം' എന്നതാണ് പൊതുവെ എല്ലാ പാർട്ടികളുടെയും നിലപാട്. ഇതിന്റെ പ്രത്യക്ഷമായ ഒരടയാളമാണ് അപരന്മാരുടെ കടന്നുകയറ്റം. തങ്ങളുടെ എതിർസ്ഥാനാർഥിയുടെ അതേപേരുള്ള ഒന്നിലേറെ പേരെ കണ്ടെത്തി അവരെക്കൊണ്ട് നാമനിർദേശപത്രിക കൊടുപ്പിക്കുക എന്നത് ഈ തെരഞ്ഞെടുപ്പിലും പല മണ്ഡലങ്ങളിലും പ്രാവർത്തികമാക്കിയിട്ടുണ്ട്. അവർക്കെന്താ മത്സരിക്കാൻ അവകാശവും സ്വാതന്ത്ര്യവുമില്ലേ എന്നു ചോദിച്ചാൽ ഉണ്ട്! എന്നാൽ അവർ സ്വയമേവ മത്സരിക്കുകയല്ല ചെയ്യുന്നത്, മറിച്ച് പാർട്ടികൾ കെട്ടിവെക്കാനുള്ള പണംനൽകി പത്രിക സമർപ്പിക്കാൻ എല്ലാവിധ ഒത്താശകളും നൽകി അവരുടെ പേര് വോട്ടിംഗ് മെഷീനിൽ വരുത്താൻ പണിയെടുക്കുകയാണ്. എതിർസ്ഥാനാർഥിയുടെ വോട്ടിൽ ചോർച്ചയുണ്ടാക്കുക, അങ്ങനെ സ്വന്തം വിജയത്തിലേക്ക് വഴിതെളിയിക്കുക എന്നതു മാത്രമാണ് ലക്ഷ്യം.

2004ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ ആലപ്പുഴയിൽ ഒരു മുതിർന്ന നേതാവ് തോൽക്കാൻതന്നെ കാരണം അദ്ദേഹത്തിന്റെ അപരനായിരുന്നു. തന്റെ അതേ പേരുള്ളയാൾ 8282 വോട്ടുകളാണ് നേടിയത്. നേതാവ് തോറ്റതാകട്ടെ വെറും 1009 വോട്ടുകൾക്കും!

സത്യത്തിൽ ഇത് ചതിയാണ്; എതിർസ്ഥാനാർഥിയോടും വോട്ടർമാരോടും ചെയ്യുന്ന ചതി! രാഷ്ട്രീയ ധാർമികതക്ക് നിരക്കാത്ത ഈ പണി നിയമംമൂലം തടയാൻ കഴിയണമെന്നില്ല. പാർട്ടികൾ തന്നെ തീരുമാനിക്കണം. മാന്യമായി, നേർക്കുനേരെ, സത്യസന്ധമായി മത്സരിക്കണം. ആ വിജയത്തിലാണ് ആനന്ദമുണ്ടാവുക. കൃത്രിമമായ വിജയം മനസ്സാക്ഷിയുള്ളവരെ എന്നും കുത്തിനോവിച്ചുകൊണ്ടിരിക്കും. രാഷ്ട്രീയത്തിൽ എന്ത് മനസ്സാക്ഷി എന്നാണു ചോദ്യമെങ്കിൽ... പിന്നെ ഒന്നും പറയാനില്ല.




പി.എൻ സോമൻ
mail@nerpatham.com


അനുഭവം

# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

15

ദിവസങ്ങൾ മാസങ്ങൾക്കു വഴിമാറി. അഞ്ചു മാസത്തിനുള്ളിൽ ഏഴു കുടുംബങ്ങളിലെ 37 പേർ പരിശുദ്ധ ഇസ്‌ലാമിന്റെ കണ്ണികളായിമാറി. വേറെ ചില കുടുംബങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചു. സമൂഹത്തിൽ നിലയും വിലയുമുണ്ടാകാനും താഴ്ന്ന ജാതിക്കാരായി മുദ്രകുത്തപ്പെടാതാരിക്കാനും പ്രപഞ്ചനാഥനെ മാത്രം ആരാധിച്ചു ജീവിക്കാനും അവർ ആഗ്രഹിച്ചു.

ഈ പരിവർത്തനം വലിയൊരു ദുരന്തത്തിലേക്കാണ് വഴുതിപ്പോകുന്നതെന്നു മുൻകൂട്ടി അറിയാൻ കഴിഞ്ഞില്ല. കുറുമ്പന്റെ ഊരിലെ സംഭവവികാസം കണ്ടും അറിഞ്ഞും ഇബ്‌ലീസ് സടകുടഞ്ഞെഴുന്നേറ്റു. ചില പത്രങ്ങൾ സംഭവത്തിന് ദുരുദ്ദേശത്തോടെയുള്ള വ്യാഖ്യാനങ്ങൾ നൽകി വാർത്തകൾ കൊ

ടുത്തു: 'ആദിവാസികളെ പ്രലോഭിപ്പിച്ചും പണം കൊടുത്തും മുസ്‌ലിംകൾ മതപരിവർത്തനം നടത്തുന്നു.'

പത്രവാർത്ത കണ്ടു സംസ്ഥാനത്തിന്റെ നാനാ ഭാഗത്തുനിന്നും ഹിന്ദു സംഘടനാ പ്രവർത്തകർ കോളനിയിലേക്ക് പ്രവഹിക്കാൻ തുടങ്ങി. കമ്മിറ്റികളും പൊതുയോഗങ്ങളും ധൃതിപിടിച്ചു നടക്കുകയാണ്. ദീൻ സ്വീകരിച്ചവരെയെല്ലാം തിരിച്ചുകൊണ്ടുപോകാനുള്ള ശ്രമങ്ങൾ പല ഭാഗത്തുനിന്നും ശക്തമായി ആരംഭിച്ചു.

ചർച്ചകൾ പരാജയപ്പെട്ടപ്പോൾ അക്രമങ്ങൾ അരങ്ങേറി. ഞങ്ങൾ ജുമുഅ നമസ്‌കാരത്തിന് മൂന്നു കിലോമീറ്റർ ദൂരെയുള്ള പള്ളിയിലാണ് പോകുന്നത്.

"ഇനി മേലിൽ നിങ്ങൾ പള്ളിയിൽ പോയാൽ പിന്നീടുള്ള പ്രത്യാഘാതങ്ങൾ നിങ്ങൾ ഉദ്ദേശിക്കുന്നതല്ലായിരിക്കും" ചിലരുടെ ഭീഷണി.

ഈ മുന്നറിയിപ്പും ഭീഷണിയും ഒരു വിരട്ടലായി തള്ളിക്കളഞ്ഞു. പക്ഷേ, അവരുടെ നടപടി ക്രൂരവും മനുഷ്യത്വരഹിതവുമായിരുന്നു.

അടുത്ത വെള്ളിയാഴ്ച എല്ലാവരും ജുമുഅ നമസ്‌കാരത്തിനായി പള്ളിയിൽ പോയി. ജുമുഅക്കു ശേഷം പലരും പല വഴികളിലായാണ് മടങ്ങിപ്പോയത്. എന്റെ അച്ഛനും അനുജനും മടങ്ങിവന്ന റോഡരുകിൽ പത്തോളം ആൾക്കാർ പതിയിരുന്നു. ഇരുവരെയും അതിക്രൂരമായി മർദിച്ചു. 78 വയസ്സുള്ള എന്റെ അച്ഛനെ അടിച്ച് പല്ലുകൾ കൊഴിച്ചു; ചവിട്ടി നട്ടെല്ലിനു ക്ഷതംവരുത്തി. അനുജന്റെ വാരിയെല്ലുകൾ ചവിട്ടേറ്റു വളഞ്ഞ് സ്ഥാനം തെറ്റി. ഇരുവരെയും എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥയിലാക്കിയ ശേഷം അക്രമികൾ റോഡിൽ ഉപേക്ഷിച്ചുപോയി.

എന്നെ വധിക്കാൻ തീരുമാനിച്ചു വന്നവർക്ക് എന്നെ കിട്ടാതെ വന്നപ്പോൾ കിട്ടിയവരോടു ദേഷ്യം തീർത്തു. അവരോടൊപ്പം മടങ്ങിപ്പോകേണ്ട എന്നെ അല്ലാഹു അപ്രതീക്ഷമായി മറ്റൊരാവശ്യം ഉണ്ടാക്കി തിരിച്ചുവിട്ടു. അച്ഛനോടും അനുജനോടുമൊപ്പം ഞാനും ഉണ്ടായിരുന്നെങ്കിൽ ഈ ലേഖനം എഴുതാൻ കാണില്ലായിരുന്നു. എല്ലാം അല്ലാഹുവിന്റെ വിധി.

അത് വളരെ ആസൂത്രിതമായി പ്ലാൻ ചെയ്ത ആക്രമണമായിരുന്നു. കൊലപാതകത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻവരെ ആള് റെഡിയായിരുന്നുവെന്ന് പിന്നീടു അറിയാൻ കഴിഞ്ഞു. പക്ഷേ, സ്രഷ്ടാവിനെ മറികടക്കാൻ സൃഷ്ടികൾക്കാവില്ലല്ലോ!

അച്ഛനും അനുജനും ആശുപത്രിയിലായി. കോളനിയിലും പരിസരത്തും ഭീകരാന്തരീക്ഷം നിറഞ്ഞുനിന്നു. അക്രമിസംഘം കോളനിയിൽ കയറിയും ഇറങ്ങിയും തമ്പടിച്ചും അവരുടെ പദ്ധതികൾ തുടർന്നു. ഇവർക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുത്തത് എന്റെ അമ്മാവനും (കൊച്ചുവേലൻ) ചില ബന്ധുക്കളുമായിരുന്നു.

അക്രമം ഭയന്നു കുറെപ്പേർ ഇസ്‌ലാം ഉപേക്ഷിച്ചു മടങ്ങിപ്പോയി. എന്നെ തീർക്കാനുള്ള രഹസ്യ പദ്ധതികൾ ഓരോന്നും പലരിൽനിന്നും അറിയാൻ കഴിഞ്ഞു. അടുത്ത പ്രദേശവാസികളായ ചില മുസ്‌ലിംകളുടെ സ്വൈരജീവിതം നഷ്ടമായി. നിരപരാധികൾക്ക് ഭീഷണിയായി. അടുത്ത പ്രദേശത്തുള്ള മുസ്‌ലിംകൾക്കിടയിൽ ഞങ്ങളെക്കുറിച്ച് ഭിന്നാഭിപ്രായം ഉടലെടുത്തു. ഭൂരിപക്ഷവും ഞങ്ങൾക്കൊപ്പം ഉറച്ചുനിന്നു. കുറച്ചുപേർ സ്വൈരജീവിതം തിരിച്ചുകിട്ടാനായി ഗത്യന്തരമില്ലാതെ ഞങ്ങളെ തള്ളിപ്പറഞ്ഞു.

ഭീഷണിയും ചർച്ചകളും പോലീസ് നടപടികളും അതാതിന്റെ വഴികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കട്ടെ. നേതൃത്വത്തിൽ നിലകൊണ്ടിരുന്ന ഞാൻ ഒരു വിഷയത്തിലും കൂടുതൽ ശ്രദ്ധിക്കാനോ മിനക്കെടാനോ പോയില്ല. എന്റെ പ്രബോധന ദൗത്യത്തിൽ ഞാൻ മുഴുകി.

**"വെള്ളിയാഴ്ച എല്ലാവരും ജുമുഅ നമസ്‌കാരത്തിനായി പള്ളിയിൽ പോയി. ജുമുഅക്കു ശേഷം പലരും പല വഴികളിലായാണ് മടങ്ങിപ്പോയത്. എന്റെ അച്ഛനും അനുജനും മടങ്ങിവന്ന റോഡരുകിൽ പത്തോളം ആൾക്കാർ പതിയിരുന്നു. ഇരുവരെയും അതിക്രൂരമായി മർദിച്ചു. 78 വയസ്സുള്ള എന്റെ അച്ഛനെ അടിച്ച് പല്ലുകൾ കൊഴിച്ചു; ചവിട്ടി നട്ടെല്ലിനു ക്ഷതംവരുത്തി. അനുജന്റെ വാരിയെല്ലുകൾ ചവിട്ടേറ്റു വളഞ്ഞ് സ്ഥാനം തെറ്റി. ഇരുവരെയും എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥയിലാക്കിയ ശേഷം അക്രമികൾ റോഡിൽ ഉപേക്ഷിച്ചുപോയി. അവരോടൊപ്പം മടങ്ങിപ്പോകേണ്ട എന്നെ അല്ലാഹു അപ്രതീക്ഷമായി മറ്റൊരാവശ്യം ഉണ്ടാക്കി തിരിച്ചുവിട്ടു. അച്ഛനോടും അനുജനോടുമൊപ്പം ഞാനും ഉണ്ടായിരുന്നെങ്കിൽ ഈ ലേഖനം എഴുതാൻ കാണില്ലായിരുന്നു."**

ഓരോ ദിവസം കഴിയുംതോറും വീണ്ടും അന്തരീക്ഷം സംഘർഷത്തിലേക്ക് തിരിയുന്നതായി തോന്നിത്തുടങ്ങിയപ്പോൾ ഇസ്‌ലാം സ്വീകരിച്ച എല്ലാവരുമായി ഒരു ചർച്ച നടത്തി. അപ്പോൾ ചില അഭിപ്രായങ്ങൾ പൊന്തിവന്നു. ബന്ധുക്കളും സ്വജനങ്ങളുമെല്ലാം ശത്രുപക്ഷത്തായിക്കൊണ്ടിരിക്കുകയാണ്. ചില മുസ്‌ലിംകളും തള്ളിപ്പറയുന്നു. ആരും സഹായിക്കാനില്ലാത്ത അവസ്ഥയിലേക്ക് നീങ്ങുകയാണ്. ആയതുകൊണ്ട് നമുക്കെല്ലാം ഇസ്‌ലാം ഉപേക്ഷിക്കുന്നതാണ് നല്ലത്.

ഞാൻ പറഞ്ഞു: "മുമ്പ് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ വെറുക്കുകയും പേടിക്കുകയും ചെയ്തിരുന്ന മതവും മനുഷ്യരുമായിരുന്നു ഇസ്‌ലാമും മുസ്‌ലിംകളും. ലോകത്തുള്ള ഒരു മുസ്‌ലിം പോലും വിളിച്ചിട്ടോ പറഞ്ഞിട്ടോ; പണമോ മറ്റു സഹായങ്ങളോ പ്രതീക്ഷിച്ചോ അല്ല ഞാൻ ഇസ്‌ലാം സ്വീകരിച്ചത്. ഈ മഹാപ്രപഞ്ചത്തിന് ഒരു ഉടമസ്ഥൻ ഉണ്ടോ? ഉണ്ടെങ്കിൽ ആര്? ഈ സത്യം കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനും വേണ്ടി പന്ത്രണ്ടു വർഷത്തോളം കഷ്ടപ്പെടുകയും പലയിടത്തും നിന്ദിക്കപ്പെടുകയും പല ചതിക്കുഴികളിൽ ചാടി നിരാശപ്പെടുകയും ചെയ്തു. നിരീശ്വര വാദിയായി മുന്നേറുമ്പോൾ ഒരു ബീഡിപ്പെട്ടിയിൽ നിന്നുമാണ് ഏകദൈവത്തിന്റെ വെളിച്ചം ഞാൻ കണ്ടെത്തിയത്." അതോടെ എല്ലാവരും അടങ്ങി.

ഒരു മാതാവ് ഹൃദയവേദനയോടെ അല്ലാഹുവോടു പ്രാർഥിച്ചു; നാഥാ എനിക്ക് ഒരേയൊരു ആൺതരിയാണുള്ളത്. അവനെ നീ ഏകദൈവമാർഗത്തിൽ ആക്കിത്തരണേമേ. ദിവസങ്ങൾക്കുള്ളിൽ ആ മാതാവിന്റെ പ്രാർഥനക്ക് ഉത്തരം ലഭിച്ചു. യാതൊരു പ്രബോധനമോ പ്രേരണയോ കൂടാതെ സ്വമനസ്സാലെ മകൻ ഇസ്‌ലാം സ്വീകരിച്ചു. വാമനൻ സുലൈമാനായി രംഗപ്രവേശം ചെയ്തു. അതോടൊപ്പം മാസങ്ങൾക്കകം പരിശുദ്ധ ക്വുർആൻ സ്വന്തമായി ഓതാൻ പഠിച്ചുവെന്നത് മറ്റൊരത്ഭുതം.

സുലൈമാന്റെ വരവ് എല്ലാവർക്കും വലിയ പിൻബലമായി. എന്തിനെയും നേരിടാനുള്ള ചങ്കുറപ്പുള്ള വ്യക്തി. ഒരു കൂട്ടായ്മ വേണം. ഒരുമിച്ചുകൂടാനും ആരാധനകൾ നിർവഹിക്കാനും ഒരു പള്ളി വേണം. അതിനായി ഒരു ഷെഡ് നിർമിച്ചാലോ? ഒരു തീരുമാനത്തിലെത്താൻ അടുത്തുള്ള പള്ളിക്കമ്മറ്റിയുമായി വിഷയം ചർച്ച ചെയ്തു.

അവരുടെ പ്രതികരണം നിരാശ നൽകുന്നതായിരുന്നു: "പള്ളിക്കമ്മിറ്റി! ഇനി അതിന്റെ കുറവു കൂടിയേ ഉള്ളൂ. അതിന്റെ പേരിലും പ്രശ്നങ്ങളുണ്ടാക്കി ഞങ്ങളെയും സ്വസ്ഥമായി ജീവിക്കാൻ നിങ്ങൾ അനുവദിക്കില്ലേ? ആദ്യം ഉണ്ടായ പ്രശ്നം തന്നെ ഇതുവരെ തീർന്നിട്ടില്ല..."

എന്റെ ദയനീയാവസ്ഥ കണ്ട് ഉസ്താദ് സമാധാനിപ്പിച്ചു: "സഹോദരാ, നിങ്ങളുടെ ആഗ്രഹം തെറ്റല്ല. പക്ഷേ, ഇപ്പോൾ അതെക്കുറിച്ച് ആലോചിക്കരുത്. പള്ളിയുണ്ടാക്കിയില്ലെങ്കിൽ ഒന്നും സംഭവിക്കില്ല. ഉണ്ടാക്കിയാലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക എളുപ്പമല്ല. ഈ പള്ളിയിൽനിന്നും ഒരുവിധ സഹായങ്ങളും ഉണ്ടാകുമെന്ന പ്രതീക്ഷയും വേണ്ടാ..."

നിരാശനായി മടങ്ങി. രണ്ടാഴ്ച പിന്നിട്ടു. സുലൈമാൻ പറഞ്ഞു: "ഇങ്ങനെ പോയാൽ എല്ലാവരും കഷ്ടത്തിലാകും. ഇനിയും ആരുടെയും സഹായം കാത്തിരിക്കേണ്ടതില്ല. നമുക്ക് ചെറിയൊരു ഷെഡ് വയ്ക്കാം."

എല്ലാവരും സമ്മതിച്ചു. എല്ലാവരും ചേർന്ന് രണ്ടു ദിവസംകൊണ്ട് കാട്ടുകമ്പുകളും മുളയും ഈറ്റയുമെല്ലാം സംഘടിപ്പിച്ചു. പക്ഷേ, ഒരു സംശയതർക്കം പൊങ്ങിവന്നു. ആരാധനാലയം തോന്നിയതുപോലെ തോന്നിയ സ്ഥലത്ത് വയ്ക്കാൻ പറ്റില്ലല്ലോ. അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതില്ലേ?

രണ്ടു ദിവസം രണ്ടു സ്ഥലങ്ങളിൽ തൂണും കഴകളുമെല്ലാം മാറിമാറി ചുമന്നുകൊണ്ടിട്ടു. സ്ഥിരതയില്ല. രാത്രിയിൽ ആരെങ്കിലും വന്നു തള്ളിക്കളയും. ചിന്താകുഴപ്പത്തിൽ നാലാംദിവസവും സ്ഥലം സ്ഥിരമാകാതെ അവസാനിച്ചു.

അഞ്ചാം ദിവസം പുലർച്ചെ സുലൈമാന്റെ ഉമ്മ സുമയ്യ ഓടിക്കിതച്ചുവന്നു എന്നോടു പറഞ്ഞു: "എടാ, സ്ഥലവും പള്ളിയും ഞാൻ കണ്ടു. നമ്മുടെ പള്ളിയിലെ ബാങ്കുവിളികേട്ടാണു ഞാൻ ഉണർന്നത്. ഒരു വെളുത്ത ചെറിയ പള്ളിയാ... രണ്ട് മൈക്ക് കിഴക്കോട്ടും പടിഞ്ഞാറോട്ടും പ്ലാവിന്റെ മുകളിൽ കെട്ടിവെച്ചിരിക്കുന്നതും ഒരുപാട് ആൾക്കാർ വന്നു നമസ്കരിക്കുന്നതും ഞാൻ കണ്ടു."

ആദ്യം തമാശയായി തോന്നിയെങ്കിലും പല സ്വപ്നങ്ങളും യാഥാർഥ്യമായതിന്റെ അനുഭവമുള്ളതുകൊണ്ട് സംശയിച്ചില്ല. സഹോദരി ചൂണ്ടിക്കാട്ടിയ സ്ഥലവും ഉയരമുള്ള പ്ലാവും ശ്രദ്ധിച്ചപ്പോൾ സുരക്ഷിതമായ സ്ഥലമെന്ന് തോന്നി.

എല്ലാവരും ചേർന്ന് രണ്ടു ദിവസംകൊണ്ട് ഷെഡിന്റെ പണി പാതിയും പൂർത്തീകരിച്ചു. എന്തുകൊണ്ട് ഷെഡ് മേയുകയും ചുറ്റും മറക്കുകയും ചെയ്യും? പുല്ലോ ഈറയുടെ ഇലയോ? ചർച്ചയായി. ഇവ രണ്ടും അപകടമാണ്. ആരെങ്കിലും രാത്രിയിൽ തീ വച്ചു നശിപ്പിക്കും. അങ്ങനെ പല അഭിപ്രായങ്ങളും ഉയർന്നുവന്നു.

ചണ ഷീറ്റ് വാങ്ങാൻ തീരുമാനമായി. പക്ഷേ, കാശിന് വഴിയില്ല. എന്തു ചെയ്യും? ചർച്ച കേട്ടിരിക്കുകയായിരുന്ന എന്റെ ഭാര്യ ആകെയുണ്ടായിരുന്ന 4 ഗ്രാം സ്വർണം (രണ്ടു കമ്മൽ) ഊരിത്തന്നിട്ടു പറഞ്ഞു: "ഇതു കൊണ്ടുപോയി പണയംവച്ചിട്ട് ഷീറ്റ് വാങ്ങുക."

മുങ്ങിത്താഴുന്നവന് കച്ചിത്തുരുമ്പും ആശ്രയം. കിട്ടിയതും കൊണ്ട് ഞാൻ ഷീറ്റു വാങ്ങാൻ പോയി. പണയംവച്ചാൽ ആയിരം രൂപയിൽ താഴെയേ ലഭിക്കുകയുള്ളൂ. അത് അറിഞ്ഞപ്പോൾ ആയിരത്തി അഞ്ഞൂറു രൂപക്ക് വിറ്റു.

30 കിലോമീറ്റർ ദൂരെ എരുമേലിയിൽ ചെന്നു. ഷീറ്റുകടയിൽ ആവശ്യത്തിനുള്ള ഷീറ്റിന്റെ കണക്കുകൂട്ടിയപ്പോൾ 2100 രൂപയാകും. 600 രൂപ കുറവുണ്ട്.

എന്തുചെയ്യുമെന്ന് ആലോചിച്ചിരിക്കുമ്പോൾ കടക്കാരൻ ചോദിച്ചു: "പശുത്തൊഴുത്ത് മേയാനാണോ ചണഷീറ്റ്? വെയിൽ ആകുമ്പോൾ നല്ല ചൂടായിരിക്കും. പശുവിനു ക്ഷീണമാകും. ഓട് വേണമെങ്കിൽ തരാം. എന്താ വേണ്ടത്?"

"ഷീറ്റു മതി, ഓടു വേണ്ടാ"- എന്തും വരട്ടെയെന്നു കരുതി ഞാൻ പറഞ്ഞു.

"സാറേ, കുറച്ചുരൂപാ കുറവുണ്ട്. അടുത്താഴ്ച കൊണ്ടുത്തരാം."

"നിങ്ങളെ പരിചയമില്ലല്ലോ. എവിടെ വീട്?"

"പമ്പാനദിക്ക് അക്കരെ, കുറുമ്പൻ മൂഴിയിൽ."

"അവിടെ, ആദിവാസി കോളനിയിൽ കുറെ ആൾക്കാർ ഞങ്ങളുടെ മതത്തിലേക്ക് വന്നതായിട്ടും അതിന്റെ പേരിൽ പ്രശ്നങ്ങളുണ്ടായതായും പത്രത്തിൽ കണ്ടിരുന്നു. അവരെ അറിയുമോ? എന്താ അവരെല്ലാം ഇങ്ങനെ മാറാൻ കാരണം?" കടക്കാരന്റെ ചോദ്യം കേട്ട് ആദ്യമൊന്നു പരുങ്ങി. പിന്നെ ഒന്നും മറച്ചുവച്ചില്ല. സത്യങ്ങളെല്ലാം തുറന്നു പറഞ്ഞു.

അയാളുടെ മുഖം പ്രസാദിച്ചു. എഴുന്നേറ്റ് എന്റെ കൈയിൽ പിടിച്ചുകൊണ്ടു സ്വയം പരിചയപ്പെടുത്തി. എന്റെ പേര് ചോദിച്ചു. ആ നല്ല മനുഷ്യൻ പറഞ്ഞു: "ചണഷീറ്റുകൊണ്ട് പള്ളി മേയേണ്ടാ. ഇവിടെ ടിൻ ഷീറ്റുണ്ട്. 100 രൂപയേ വിലയുള്ളൂ."



ഷെഡിന്റെ അളവ് അയാൾ ചോദിച്ചറിഞ്ഞു. പിന്നെ കാര്യങ്ങൾ എന്റെ കൈവിട്ടുപോയി. അയാൾ കണക്കുകൂട്ടി ആവശ്യമായ സാധനങ്ങളെല്ലാം ഒരു വാൻ വിളിച്ച് അതിൽ കയറ്റാൻ ഏർപ്പാടാക്കി. എന്നിട്ട് പറഞ്ഞു: "പോയിക്കോളൂ, വണ്ടിക്കൂലി ഞാൻ കൊടുത്തുകൊള്ളാം."

കൈയിലുണ്ടായിരുന്ന രൂപാ കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: "അത് കൈയിൽ വച്ചോ. പണിക്കൂലി കൊടുക്കാം."

അല്ലാഹുവേ, നിന്റെ കണ്ണിൽപെടാത്തതായി പ്രപഞ്ചത്തിൽ ഒന്നുമില്ലല്ലോ. നീയെത്ര വലിയവൻ! സർവസ്തുതിയും നിനക്ക് മാത്രം.

പ്രാർഥന നിറഞ്ഞ മനസ്സോടെ സാധനങ്ങളുമായി ഊരിലെത്തി. സംഭവിച്ച കാര്യങ്ങൾ എല്ലാവരോടും പറഞ്ഞപ്പോൾ അവരുടെ സന്തോഷം വിവരണാതീതമായിരുന്നു. അവരുടെ വിശ്വാസത്തിന് ഒന്നുകൂടി ദൃഢത വരാൻ അത് കാരണമായി. **(അവസാനിച്ചില്ല)**



# ഒട്ടകം ഒരു ദൈവിക ദൃഷ്ടാന്തം

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

കവർ സ്റ്റോറി

**സ്രഷ്ടാവിന്റെ സവിശേഷമായ സൃഷ്ടികളിലൊന്നാണ് ഒട്ടകം. പരുപരുത്ത ജീവിത സാഹചര്യങ്ങളെ അതിജീവിക്കാനായി സ്രഷ്ടാവ് അതിന് നൽകിയ ജൈവികപ്രത്യേകതകൾ ഏതൊരാളെയും ഇരുത്തിച്ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നവയാണ്.**

ഈ വിശാലമായ പ്രപഞ്ചവും അതിലെ ജീവജാലങ്ങളും ആകസ്മികമായി ഉൽഭൂതമായതല്ല, മറിച്ച് ഒരു സ്രഷ്ടാവ് ആസൂത്രിതമായി ഉണ്ടാക്കിയതാണ്. എല്ലാറ്റിന്റെയും പിന്നിൽ സ്രഷ്ടാവിന് കൃത്യമായ ലക്ഷ്യമുണ്ട്. ചില ജീവികളെയും ചില അജൈവ സൃഷ്ടികളെയുമൊക്കെ ക്വുർആൻ പ്രത്യേകം പരാമർശിക്കുന്നതും അവയുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുവാൻ ആഹ്വാനം ചെയ്യുന്നതും കാണാം. സൃഷ്ടിജാലങ്ങളിലെ സൂക്ഷ്മവും സങ്കീർണവുമായ സംവിധാനങ്ങൾക്കു പിന്നിലുള്ള സ്രഷ്ടാവിനെ തിരിച്ചറിയലാണ് അവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിന്റെ ഉദ്ദേശ്യം.

ഇക്കൂട്ടത്തിൽ ഒട്ടകത്തെക്കുറിച്ചും അതിന്റെ സൃഷ്ടിപ്പിനെക്കുറിച്ചും ചിന്തിച്ചിക്കുവാൻ അല്ലാഹു മനുഷ്യരെ പ്രേരിപ്പിക്കുന്നത് കാണാം: "ഒട്ടകത്തിന്റെ നേർക്ക് അവർ നോക്കുന്നില്ലേ? അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്" (ക്വുർആൻ 88:17).

ഒട്ടകത്തെ സസൂക്ഷ്മം പഠിക്കുന്നവർക്ക് അതിന്റെ സൂക്ഷ്മജ്ഞാനിയായ സ്രഷ്ടാവിനെ ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല എന്നതാണു വാസ്തവം. റോഡിലൂടെയും വെള്ളത്തിലൂടെയും വായുവിലൂടെയും സഞ്ചരിക്കുന്ന വാഹനങ്ങൾ അതിനാവശ്യമായ രീതിയിൽ പ്രത്യേകം ഡിസൈൻ ചെയ്യപ്പെട്ടവയായിരിക്കണം. അല്ലാത്തപക്ഷം അവ ഉപയോഗയോഗ്യമാവുകയില്ല. ഗതാഗത പാതക്കും സാഹചര്യങ്ങൾക്കും അനുയോജ്യമായ ഓപ്ഷനുകളോടുകൂടി ഡിസൈൻ ചെയ്യപ്പെട്ട ഒരു വാഹനം ഒരു നിർമാതാവില്ലാതെ ഉണ്ടാവുകയില്ല എന്ന നിഗമനത്തിലെത്തുന്ന മനുഷ്യന്റെ സാമാന്യബുദ്ധിയെ തൊട്ടുണർത്തുന്ന ഒരു സൃഷ്ടിയാണ് ഒട്ടകം. 'മരുഭൂമിയിലെ കപ്പൽ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഒട്ടകം മരുഭൂമിയിൽ ജീവിക്കാൻ ആവശ്യമായ എല്ലാവിധ പ്രീമിയം ഓപ്ഷനുകളോടുംകൂടി ഡിസൈൻ ചെയ്യപ്പെട്ട ഒരു അത്യപൂർവ സൃഷ്ടിയാണെന്ന് അതിനെക്കുറിച്ച് പഠിക്കുമ്പോൾ മനസ്സിലാകും.

### രണ്ടുതരം ഒട്ടകങ്ങൾ

രണ്ടുതരം ഒട്ടകങ്ങളുണ്ട്. മുതുകിൽ ഒരു പൂഞ്ഞ (മുഴ) മാത്രമുള്ളതാണ് ഒരിനം. അവ 'ഡൊമെഡ്രിയൻ' ഒട്ടകങ്ങളെന്ന് (Domedrian Camels) അറിയപ്പെടുന്നു. രണ്ട് പൂഞ്ഞകൾ ഉള്ളവയാണ് രണ്ടാമത്തെയിനം. അവയെ 'ബാക്ട്രിയൻ' ഒട്ടകങ്ങൾ (Batcrian Camels) എന്നും വിളിക്കുന്നു. ഇവയിൽ ഒരു പൂഞ്ഞയുള്ള ഒട്ടകങ്ങൾ കൂടുതലായി കാണപ്പെടുന്നത് അറേബ്യൻ, ആഫ്രിക്കൻ മരുഭൂമികളിലാണ്. എന്നാൽ രണ്ടു പൂഞ്ഞകളുള്ള ബാക്ട്രിയൻ ഒട്ടകങ്ങൾ സാധാരണയായി കാണപ്പെടുന്നത് ഗോപി മരുഭൂമി ഉൾക്കൊള്ളുന്ന മധ്യേഷ്യൻ പ്രദേശങ്ങളിലാണ്. ബാക്ട്രിയൻ ഒട്ടകങ്ങൾ ഇന്ന് എണ്ണത്തിൽ കുറവും വംശനാശം നേരിടുന്നവയുമാണ്. ഇന്ന് ലോകത്ത് മൊത്തം പത്തുലക്ഷം ബാക്ട്രിയൻ ഒട്ടകങ്ങൾ മാത്രമാണുള്ളത്.

### ഒട്ടകത്തിന്റെ ശരീര സംവിധാനങ്ങൾ

ഓരോ ഭൂപ്രദേശത്തിനും കാലാവസ്ഥക്കും അനുയോജ്യമായ രീതിയിലാണ് അതത് സ്ഥലങ്ങളിൽ ജീവിക്കുന്ന ജീവികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ശുദ്ധജലത്തിലും ഉപ്പുജലത്തിലും ജീവിക്കുന്ന മൽസ്യങ്ങളിലും ധ്രുവപ്രദേശങ്ങളിലെ അതിശൈത്യത്തിൽ ജീവിക്കുന്ന മൃഗങ്ങളിലും അന്തരീക്ഷത്തിൽ പറക്കുന്ന പക്ഷികളിലും ഈ അനുകൂല സംവിധാനങ്ങൾ കാണാൻ സാധിക്കും. അഥവാ അവയൊക്കെ ആ സാഹചര്യങ്ങൾക്ക് അനുകൂലമായ രീതിയിൽ പ്രത്യേകം ഡിസൈൻ ചെയ്യപ്പെട്ടവയാണ്. ഇതുപോലെ അതിശക്തമായ ചൂടും മണലും വരൾച്ചയും ഉള്ള സ്ഥലത്ത് ജീവിക്കാൻ പാകത്തിൽ ഡിസൈൻ ചെയ്യപ്പെട്ടതാണ് ഒട്ടകവും. എന്തൊക്കെയാണ് ഒട്ടകത്തിന്റെ ശരീരത്തിലെ 'അനുഗുണ സംവിധാനങ്ങൾ' (Adaptations) എന്ന് പരിശോധിക്കാം.

### 1. ഒട്ടകത്തിന്റെ കണ്ണുകൾ

മരുഭൂമിയിൽ അടിക്കടിയുണ്ടാകാറുള്ള ഒരു പ്രതിഭാസമാണു ശക്തമായ മണൽക്കാറ്റ്. ഒട്ടകമൊഴികെയുള്ള മറ്റുജീവികൾ അവയുടെ മാളങ്ങളിലൊളിച്ചാണ് ഇതിൽനിന്ന് രക്ഷപ്പെടാറുള്ളത്. എന്നാൽ ഒട്ടകത്തിന് ഇതിൽനിന്ന് രക്ഷപ്പെടാൻ പ്രത്യേക സംവിധാനങ്ങളുണ്ട്. ഒട്ടകത്തിന്റെ കണ്ണുകൾക്ക് ഒന്നിനു മുകളിൽ ഒന്നായി രണ്ടുനിര കൺപീലികൾ ഉണ്ട്. ഇവ കണ്ണിൽ വന്ന് പതിക്കാനിടയുള്ള മണൽത്തരികളെയും മറ്റും തടഞ്ഞുനിർത്തുന്നു.

> **മരുഭൂമിയിൽ അടിക്കടിയുണ്ടാകാറുള്ള ഒരു പ്രതിഭാസമാണു ശക്തമായ മണൽക്കാറ്റ്. ഒട്ടകമൊഴികെയുള്ള മറ്റുജീവികൾ അവയുടെ മാളങ്ങളിലൊളിച്ചാണ് ഇതിൽനിന്ന് രക്ഷപ്പെടാറുള്ളത്. എന്നാൽ ഒട്ടകത്തിന് ഇതിൽനിന്ന് രക്ഷപ്പെടാൻ പ്രത്യേക സംവിധാനങ്ങളുണ്ട്. ഒട്ടകത്തിന്റെ കണ്ണുകൾക്ക് ഒന്നിനു മുകളിൽ ഒന്നായി രണ്ടുനിര കൺപീലികൾ ഉണ്ട്. ഇവ കണ്ണിൽ വന്ന് പതിക്കാനിടയുള്ള മണൽത്തരികളെയും മറ്റും തടഞ്ഞുനിർത്തുന്നു. ഇവയുടെ കണ്ണിനുള്ളിലെ മറ്റൊരു സംവിധാനം അവയുടെ കൺപോളയാണ്. മുകളിലും താഴെയുമുള്ള കൺപോളകൾ കൂടാതെ മൂന്നാമതൊരു കൺപോളകൂടി ഇവയ്ക്കുണ്ട്. അതാകട്ടെ നേർത്തതും സുതാര്യവുമാണ്. മണൽക്കാറ്റുള്ള സന്ദർഭത്തിൽ ഒട്ടകം ഈ നേർത്ത പോളകൊണ്ട് കണ്ണു മൂടുന്നു. എന്നാൽ അത് സുതാര്യമായതുകൊണ്ട് അതിലൂടെ പുറമേക്ക് കാണാവുന്നതുമാണ്!**

ഇവയുടെ കണ്ണിനുള്ളിലെ മറ്റൊരു സംവിധാനം അവയുടെ കൺപോളയാണ്. മുകളിലും താഴെയുമുള്ള കൺപോളകൾ കൂടാതെ മൂന്നാമതൊരു കൺപോളകൂടി ഇവയ്ക്കുണ്ട്. അതാകട്ടെ നേർത്തതും സുതാര്യവുമാണ്. മണൽക്കാറ്റുള്ള സന്ദർഭത്തിൽ ഒട്ടകം ഈ നേർത്ത പോളകൊണ്ട് കണ്ണു മൂടുന്നു. എന്നാൽ അത് സുതാര്യമായതുകൊണ്ട് അതിലൂടെ പുറമേക്ക് കാണാവുന്നതുമാണ്! അതായത് മണൽക്കാറ്റുള്ള സന്ദർഭത്തിലും അവയ്ക്ക് മണൽത്തരികൾ കണ്ണിൽ വീഴാതെയും കാഴ്ചയ്ക്ക് തടസ്സം വരാതെയും മുന്നോട്ടുനീങ്ങാം. മഴയിൽനിന്നും പൊടിപടലങ്ങളിൽനിന്നും സംരക്ഷിക്കുകയും അതേസമയം യാത്രാവഴി വ്യക്തമായി കാണുകയും ചെയ്യുന്ന ഒരു വാഹനത്തിന്റെ മുൻഭാഗത്തുള്ള ഗ്ലാസ്സിനോട് ഒട്ടകത്തിന്റെ ഈ മൂന്നാം കൺപോളയെ നമുക്ക് വേണമെങ്കിൽ ഉപമിക്കാം.

## 2. ഒട്ടകത്തിന്റെ മൂക്ക്

ഒട്ടകത്തിന്റെ മൂക്കിന്റെ ദ്വാരങ്ങൾ ഉദ്ദേശിക്കുമ്പോൾ അടക്കാനും തുറക്കാനും കഴിയുന്ന രീതിയിലാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മണൽക്കാറ്റുള്ള സന്ദർഭത്തിൽ ആവശ്യാനുസരണം മൂക്കിന്റെ ദ്വാരങ്ങൾ അടച്ചു പിടിച്ച് മൂക്കിലേക്ക് മണൽത്തരികൾ പ്രവേശിക്കുന്നത് തടയാൻ സാധിക്കും.

മറ്റൊരു സംവിധാനം ഒട്ടകത്തിന്റെ മൂക്കിനുള്ളിലെ 'വാട്ടർ റിട്ടൻഷൻ' (ജല പുനരാഗിരണം) സംവിധാനമാണ്. ശ്വസനസമയത്ത് മൂക്കിലൂടെ ജലം ആവിയായി പുറത്തേക്കു പോകുന്നത് തടഞ്ഞ് ആ ജലാംശത്തെ തിരിച്ച് ശരീരത്തിലേക്കുതന്നെ വലിച്ചെടുക്കുന്ന രീതിയാണിത്. ശ്വസനംവഴിയുണ്ടാകുന്ന ജലനഷ്ടം ഈ സംവിധാനം തടയുന്നു.

## 3. വായയും ചുണ്ടുകളും

ഒട്ടകത്തിന്റെ മുകൾചുണ്ട് വലതും ഇടതും കഷ്ണങ്ങളായി (മുറിച്ചുണ്ടുകൾ) വേർപ്പെട്ടു നിൽക്കുന്നു. ഇതേപോലെ താഴെയുള്ള ചുണ്ടുകൾ രണ്ടു കഷ്ണങ്ങളായി വേറിട്ടുനിൽക്കുന്നു. ഈ ചുണ്ടിന്റെ കഷ്ണങ്ങൾ ഓരോന്നും വേറെ വേറെ തുറക്കാനും അടക്കാനും സാധിക്കും. മാത്രവുമല്ല ഈ ചുണ്ടുകളും വായക്കകത്തെ തൊലിയും നാവും കട്ടിയുള്ള റബർപാഡ് പോലെയാണുള്ളത്. ഒട്ടകത്തിന്റെ പ്രധാന ഭക്ഷണം മരുഭൂമിയിൽ അങ്ങിങ്ങായി കാണുന്ന മുൾച്ചെടികളായതുകൊണ്ട് വായിൽ മുറിവേൽക്കാതെ അവ തിന്നാൻ വായയിലെയും ചുണ്ടുകളിലെയും ഈ കട്ടിയുള്ള തൊലി സഹായിക്കുന്നു.

## 4. ചെവികൾ

ചെവികൾ രോമനിബിഢമാണ്. അത് ചെവിക്കകത്തേക്ക് ഏതെങ്കിലും വിധത്തിൽ മണൽത്തരികൾ പ്രവേശിക്കുന്നത് തടയുന്നു.

## 5. കാലുകൾ

നീളമേറിയ കാലുകൾ ഒട്ടകത്തിന്റെ പ്രത്യേകതയാണ്. ശക്തമായ ചൂടുള്ള മണൽപ്രതലത്തിൽ നിന്ന് ശരീരഭാഗം ഉയർന്നുനിൽക്കാനും അതുവഴി ചൂട് ശരീരത്തിലേക്ക് പ്രസരിക്കുന്നത് തടയാനും നീളമേറിയ കാലുകൾ സഹായിക്കുന്നു.

ചവിട്ടുമ്പോൾ വശങ്ങളിലേക്ക് പരക്കുന്ന രീതിയിലാണ് ഒട്ടകത്തിന്റെ കാൽപാദങ്ങൾ സംവിധാനിക്കപ്പെട്ടിട്ടുള്ളത്. അതുവഴി മണലിലേക്ക് കാലുകൾ ആഴ്ന്നുപോകുന്നത് തടയുന്നു. മറ്റൊരു പ്രത്യേകത കാൽവിരലുകൾക്കിടയിലുള്ള വിടവുകൾ ഒരു ആവരണംകൊണ്ട് മൂടപ്പെട്ടിരിക്കുന്നു എന്നതാണ്. ഇത് വിരലുകൾക്കിടയിലൂടെ മണൽ കയറുന്നതും അതുമൂലം കാൽ മണലിലേക്ക് ആഴ്ന്നു പോകുന്നതും തടയുന്നു. കാലുകൾ മണലിലേക്ക് താഴ്ന്നുപോകുന്നത് നടത്തത്തിന് എത്രമാത്രം ബുദ്ധിമുട്ടുണ്ടാക്കുമെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. കാലുകളുടെ ഈ പ്രത്യേകത കാരണം അവയ്ക്ക് മരുഭൂമിയിലൂടെ വേഗത്തിൽ ദീർഘദൂരം ഭാരം വഹിച്ച് നടക്കാനും ഓടാനും സാധിക്കും.

## 6. തൊലി

അറേബ്യൻ ഒട്ടകങ്ങളിൽനിന്ന് വ്യത്യസ്തമായി മധ്യേഷ്യയിൽ കാണപ്പെടുന്ന ബാക്ട്രിയൻ ഒട്ടകങ്ങളുടെ ശരീരം കൂടുതൽ രോമാവൃതമായിരിക്കും. കാരണം അവ വസിക്കുന്ന പ്രദേശങ്ങളിൽ ശൈത്യകാലത്ത് തണുപ്പ് അതിശക്തമായിരിക്കും. എന്നാൽ തണുപ്പുകാലം അവസാനിക്കുന്നതോടെ ഈ കട്ടിരോമങ്ങൾ കൊഴിഞ്ഞുപോവുകയും ചൂടുകാലത്തേക്ക് വേണ്ടി ശരീരം തയ്യാറാവുകയും ചെയ്യും. ഒട്ടകത്തിന്റെ തൊലിക്ക് കട്ടി കൂടുതലാണ്; പ്രത്യേകിച്ചും കാലുകളിലുള്ള തൊലി. വയറിന്റെ അടിഭാഗത്തും കാൽമുട്ടുകളിലും മുഴപോലെയുള്ള തഴമ്പുകൾ കാണപ്പെടുന്നു. ഇത് മണലിൽ വിശ്രമിക്കുന്ന സമയത്ത് ചൂടിൽനിന്നും സംരക്ഷിക്കുന്നു.

## 6. ജലനഷ്ടം തടയാനുള്ള മാർഗങ്ങൾ

ജീവജാലങ്ങൾക്ക് ജീവൻ നിലനിർത്താൻ അത്യാവശ്യമായ ഘടകമാണ് വെള്ളം. മരുഭൂമിയിൽ ജല

ത്തിന്റെ ലഭ്യതക്കുറവിനെ കുറിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ. ജലത്തിന്റെ ലഭ്യതയില്ല എന്ന് മാത്രമല്ല, ശക്തമായ സൂര്യതാപം ശരീരത്തിലുള്ള വെള്ളത്തെക്കൂടി വലിച്ചെടുക്കുകയും ചെയ്യും. എന്നാൽ ഈ രണ്ട് പ്രശ്നങ്ങളെയും പ്രതിരോധിക്കാൻ ഒട്ടകത്തിന്റെ ശരീരത്തിൽ സംവിധാനങ്ങളുണ്ട്. അവ എന്തൊക്കെയാണെന്ന് പരിശോധിക്കാം:

### എ) ശരീരത്തിന്റെ താപക്രമീകരണ സംവിധാനം

പുറത്തുള്ള ശക്തമായചൂടിനെ പ്രതിരോധിക്കലാണ് ഒന്നാമത്തെ മാർഗം. ഇതിനായി ഒട്ടകം സ്വീകരിക്കുന്ന ഒരു മാർഗമാണു ശരീരത്തിന്റെ അകത്തുള്ള ചൂടിനെ ക്രമീകരിക്കൽ. പുറമെയുള്ള ചൂട് വർധിക്കുമ്പോൾ അതിനോട് മനുഷ്യശരീരം പ്രതികരിക്കുന്നത് വിയർക്കൽ വഴിയാണ്. അതുവഴി നമ്മുടെ ശരീരത്തിലുള്ള ചൂടിനെ പുറംതള്ളുന്നു. എന്നാൽ ഒട്ടകം മരുഭൂമിയിലെ ചൂടിനെ പ്രധിരോധിക്കുന്നത് മറ്റൊരു വഴിയിലൂടെയാണ്. അത് അതിന്റെ ശരീരത്തിന്റെ ചൂട് ഉയർത്തി പുറമെയുള്ള ചൂടിനെ പ്രതിരോധിക്കുകയും അതുവഴി വിയർക്കുന്നത് കുറക്കുകയും അങ്ങനെ ജലനഷ്ടം ഇല്ലാതാക്കുകയും ചെയ്യുന്നു. ഒട്ടകത്തിന് അതിന്റെ ശരീരത്തിലെ ഊഷ്മാവിനെ ഇപ്രകാരം 7 ഡിഗ്രിയോളം കൂട്ടാനും കുറക്കാനും സാധിക്കും! ഈ ശരീര സംവിധാനത്തെ കാലാവസ്ഥക്കനുസരിച്ച് സ്വയം അഡ്ജസ്റ്റ് ചെയ്യുന്ന ഒരു ഓട്ടോമാറ്റിക് എ.സിയോട് വേണമെങ്കിൽ നമുക്ക് താരതമ്യം ചെയ്യാം.



### ബി) ജലനഷ്ടം തടയാനുള്ള സംവിധാനം

ഒട്ടകം അടിക്കടി മൂത്രമൊഴിക്കാറില്ല. മാത്രവുമല്ല എപ്പോഴെങ്കിലും മൂത്രമൊഴിക്കുമ്പോൾതന്നെ നന്നേ കുറഞ്ഞ അളവിൽ മാത്രമെ മൂത്രം പുറംതള്ളുകയുള്ളൂ. അതിനാൽതന്നെ ഒട്ടകത്തിന്റെ മൂത്രം വഴുവഴുപ്പും കട്ടിയുമുള്ളതായിരിക്കും. അതിന്റെ കാഷ്ഠവും അങ്ങനെത്തന്നെയാണ്. വരണ്ടുണങ്ങിയ (പരമാവധി ജലം വലിച്ചെടുത്ത) കാഷ്ഠമാണ് അത് പുറംതള്ളാറുള്ളത്. അതിനാൽ ഗ്രാമീണരായ അറബികൾ ഈ കാഷ്ഠം വിറകിനു പകരം കത്തിക്കുന്നതിനായി പോലും ഉപയോഗിക്കാറുണ്ട്. മറ്റു മൃഗങ്ങൾ മരുഭൂമിയിൽ ജീവിക്കുകയാണെങ്കിൽ അവയ്ക്ക് ഒരു ദിവസം 20-40 ലിറ്ററോളം ജലനഷ്ടം ഉണ്ടാകും എന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ ഒട്ടകത്തിന്റെ ശരീരത്തിൽനിന്ന് ഒരു ദിവസം നഷ്ടപ്പെടുന്നത് കേവലം 1.3 ലിറ്റർ വെള്ളം മാത്രമാണ്.

### സി) ജലനഷ്ടമുണ്ടായാലും പിടിച്ചുനിൽക്കാനുള്ള സംവിധാനം

ദിവസങ്ങളോളം വെള്ളമില്ലാതെ പിടിച്ചുനിൽക്കാനുതകുന്ന ശരീര സംവിധാനമാണ് ഒട്ടകത്തിന്റേത്. ശാരീരികമായി അധ്വാനമുള്ളപ്പോൾ 10 ദിവസത്തോളവും വിശ്രമാവസ്ഥയിൽ മാസങ്ങളോളം പോലും വെള്ളം കുടിക്കാതെ മരുഭൂമിയിലെ ചൂടിൽ ഒട്ടകത്തിനു പിടിച്ചുനിൽക്കാനാകും! കൗതുകകരമായ മറ്റൊരു കാര്യം എന്തെന്നാൽ ഒട്ടകത്തിന്റെ ശരീരത്തിലെ 30 ശതമാനത്തോളം ജലം നഷ്ടപ്പെട്ടാലും അതിനു ജീവിക്കാൻ സാധിക്കും എന്നതാണ്.

അതുകൊണ്ട്തന്നെ കഠിനമായ വരൾച്ചയുള്ളപ്പോൾ മറ്റു മൃഗങ്ങൾ ചത്തൊടുങ്ങിയാലും ഒട്ടകം വരൾച്ചയെ അതിജീവിക്കും. എന്നാൽ വെള്ളം കാണുന്നപക്ഷം അത് ദാഹം തീരുവോളം വെള്ളം കുടിക്കും. 3 മിനുട്ടിനുള്ളിൽ 200 ലിറ്റർ വെള്ളംവരെ ഒട്ടകം ഒറ്റ നിൽപിൽ വലിച്ചുകുടിക്കും!

## ഡി) മുതുകിലെ ജലസംഭരണി

വെള്ളം ലഭിക്കുന്ന സമയത്ത് ധാരാളം കുടിച്ച് മിച്ചംവന്നത് സൂക്ഷിച്ചുവെക്കാനും ഒട്ടകത്തിനു സംവിധാനമുണ്ട്. അധികമുള്ള വെള്ളവും ഭക്ഷണവും കൊഴുപ്പുരൂപത്തിലേക്ക് മാറ്റി മുതുകിലെ പൂഞ്ഞയിൽ സൂക്ഷിക്കപ്പെടുന്നു. പിന്നീട് ആവശ്യാനുസരണം ഈ കൊഴുപ്പിനെ ശരീരം വെള്ളമാക്കി മാറ്റി ഉപയോഗിക്കുന്നു. ഒരു ഗ്രാം കൊഴുപ്പിനെ ഒരു ഗ്രാം വെള്ളമാക്കി മാറ്റാം. കൊഴുപ്പ് വെള്ളത്തിന്റെ മാത്രമല്ല, ഊർജത്തിന്റെകൂടി സ്രോതസ്സാണ്. കൊഴുപ്പിന്റെ ഉപയോഗത്തിനനുസരിച്ച് മുതുകിലെ പൂഞ്ഞ ചെറുതായിവരുകയും വെള്ളം കുടിക്കുമ്പോൾ വലുതാവുകയും ചെയ്യും. വെള്ളം കൊഴുപ്പുരൂപത്തിൽ സൂക്ഷിക്കുന്നതുകൊണ്ട് ചൂടിൽ നേരിട്ട് വിയർപ്പായി പോകുന്നത് തടയുകയും ചെയ്യുന്നു. തനിക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും ഒരു ബാഗിലാക്കി മുതുകിൽ കെട്ടി യാത്ര ചെയ്യുന്ന ഒരു യാത്രക്കാരനെ പോലെ ഒട്ടകത്തെ ഉപമിക്കാം!

## 7. രക്തത്തിലെ സംവിധാനങ്ങൾ

അണ്ഡാകൃതിയിലുള്ള ചുവന്ന രക്താണുക്കളാണ് (RBC) ഒട്ടകത്തിന്റെ മറ്റൊരു പ്രത്യേകത. ഇത് ജല ലഭ്യതയുള്ളപ്പോഴും അല്ലാത്തപ്പോഴും പിടിച്ചുനിൽക്കാൻ ഒട്ടകത്തെ സഹായിക്കുന്നു. വെള്ളമില്ലാത്ത സന്ദർഭത്തിൽ രക്തത്തിന്റെ അളവ് കുറയുകയും കട്ടികൂടുകയും ചെയ്യും. ഈ അവസരത്തിൽ രക്തത്തിലൂടെ സഞ്ചരിക്കാൻ ചുവന്ന രക്താണുവിന്റെ ഈ ആകൃതി സഹായകമാകുന്നു. വെള്ളം ലഭ്യമാകുന്ന സന്ദർഭത്തിൽ രക്തത്തിൽ ജലാംശം കൂടും. അപ്പോൾ ചുവന്ന രക്താണുക്കൾ വെള്ളം ആഗിരണം ചെയ്ത് ബലൂൺ പോലെ വീർക്കുകയും ചെയ്യും.

## 8. തലയെയും തലച്ചോറിനെയും തണുപ്പിക്കാനുള്ള സംവിധാനം

സൂര്യന്റെ ചൂടിൽനിന്ന് ഏറ്റവും പ്രധാനമായി സംരക്ഷിക്കപ്പെടേണ്ട അവയവമാണ് ഒട്ടകത്തിന്റെ തലച്ചോർ. കാരണം സൂര്യന്റെ അമിതമായചൂട് തലച്ചോറിനെ ബാധിച്ചാൽ ഒരുപക്ഷേ, ബോധം കെടുന്നതിനോ ചത്തുപോകുന്നതിനോ കാരണമാകാം. എന്നാൽ ഇതിൽനിന്നും രക്ഷപ്പെടാനുമുള്ള സംവിധാനം ഒട്ടകത്തിന്റെ ശരീരത്തിലുണ്ട്. തലച്ചോറിലേക്ക് പ്രവേശിക്കുന്നതിനു തൊട്ടുമുമ്പ് രക്തത്തെ തണുപ്പിക്കാനുള്ള സംവിധാനമാണിത്. ഈ സംവിധാനത്തെ Counter current Circulation എന്ന് പറയുന്നു. ഇതുവഴി ഒട്ടകത്തിന്റെ തലച്ചോറിൽ എപ്പോഴും തണുപ്പ് നിലനിർത്താനാകുന്നു.

ഒട്ടകത്തിന്റെ ശരീരത്തിനകത്തെ ഈ സംവിധാനങ്ങളെയെല്ലാം വിലയിരുത്തുമ്പോൾ ഏതൊരു മനുഷ്യനും മനസ്സിലാകുന്ന കാര്യമാണ് ഈ മൃഗത്തെ കൃത്യമായ പ്ലാനിങ്ങോടുകൂടി മരുഭൂമിയിൽ ജീവിക്കാൻ വേണ്ടി പ്രത്യേകം ഡിസൈൻ ചെയ്തതാണെന്ന്. അതാണ് അല്ലാഹു നമ്മെ ഓർമിപ്പിക്കുന്നത്:

"ഒട്ടകത്തിന്റെ നേർക്ക് അവർ നോക്കുന്നില്ലേ? അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്" (ക്വുർആൻ 88:17).

## അല്ലാഹുവിന്റെ സൃഷ്ടിവൈഭവം

സകല സൃഷ്ടികൾക്കും അവയുടെ ജീവിത സാഹചര്യങ്ങളും ആവശ്യങ്ങളുമറിഞ്ഞ് അവയ്ക്കാവശ്യമായ രൂപവും പ്രകൃതവും അവയവങ്ങളും നൽകിയവനാണ് അല്ലാഹു.

"അദ്ദേഹം (മൂസാ) പറഞ്ഞു: ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്" (ക്വുർആൻ 20:50).

അമാനി മൗലവി (റഹി) ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ എഴുതി: "...ഓരോ ജീവിക്കും വേണ്ടുന്ന സഹജബോധം, ആന്തരികശക്തി, അവയവങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയതെല്ലാം ഏറ്റക്കുറവു കൂടാതെ പ്രദാനം ചെയ്ത സ്രഷ്ടാവ്. ഓരോന്നിന്റെയും അവയവങ്ങൾ കൊണ്ടുള്ള ആവശ്യങ്ങൾ, ശരീരത്തിൽ അവ ഘടിപ്പിക്കപ്പെട്ടിരിക്കുന്ന രീതി, ഓരോന്നിനും മറ്റേതുമായുള്ള ബന്ധം ആദിയായ കാര്യങ്ങൾ ചിന്തിച്ചു നോക്കുമ്പോൾ നാം ആശ്ചര്യപ്പെടാതിരിക്കുകയില്ല. നമ്മുടെ മൂക്ക് മേൽപോട്ടായിരുന്നുവെങ്കിൽ, കണ്ണുകൾ മുന്നിലും പിന്നിലുമായിരുന്നുവെങ്കിൽ, വിരലുകൾ സമവലുപ്പത്തിലായിരുന്നുവെങ്കിൽ അങ്ങനെ ഓരോന്നിനെക്കുറിച്ചും ഒന്ന് ആലോചിച്ചു നോക്കുക! ഓരോന്നും സർവശക്തനായ ഏക ഇലാഹിന്റെ ദൃഷ്ടാന്തങ്ങളായി നമുക്ക് കാണുവാൻ കഴിയും. മഹാനായ അബ്ദുല്ലാഹിൽയാഫിഈ (റഹി) പറഞ്ഞതെത്ര വാസ്തവം: (രൂപകൽപന ചെയ്തു സൃഷ്ടിച്ച ദൈവം അവൻ (അല്ലാഹു) തന്നെയാണെന്നുള്ളതിനു ലോകത്തുള്ള ഓരോ അണുവും അവന് സാക്ഷികളാകുന്നു)."

മുഹമ്മദ് ശമീൽ
mail@nerpatham.com

ചരിത്രപഥം



# സഅ്ദുബ്നു മുആദ് رضي الله عنه

അല്ലാഹുവിന്റെ റസൂലിന് ﷺ ഒരിക്കൽ ഒരു പട്ടുവസ്ത്രം ലഭിച്ചു, അതിന്റെ സൗന്ദര്യവും മൃദുലതയും അനുചരന്മാരെ അത്ഭുതപ്പെടുത്തി. അപ്പോൾ റസൂൽ ﷺ പറഞ്ഞു: "സംശയമില്ല, സ്വർഗത്തിൽ സഅ്ദുബ്നു മുആദിന് ലഭിക്കുന്ന തൂവാലകൾ ഇതിനെക്കാൾ മികച്ചതാണ്."

മദീനയിലെ ഔസ് ഗോത്രത്തിന്റെ നേതാവായിരുന്നു സഅ്ദുബ്നു മുആദ് رضي الله عنه. അക്വബ ഉടമ്പടിക്ക് ശേഷം മദീനയിലേക്ക് പ്രബോധന ചുമതലയുമായി പ്രവാചകൻ ﷺ മിസ്ഹബ് ഇബ്നു ഉമൈറി رضي الله عنه നെ നിയോഗിച്ചു. മിസ്ഹബി رضي الله عنه ന്റെ പ്രബോധനം അറിഞ്ഞ സഅ്ദുബ്നു മുആദ് رضي الله عنه തന്റെ സഹോദരനായിരുന്ന ഉസൈദുബ്നു ഹുദയ്റി رضي الله عنه നോട് പറഞ്ഞു: "നിങ്ങൾക്കറിയാമോ, മക്കയിൽനിന്ന് വന്നവർ നമ്മുടെ പൂർവികരുടെ വിശ്വാസം നശിപ്പിക്കാനും മദീനയിലെ ജനങ്ങളുടെ മനസ്സിനെ മലിനമാക്കാനുമാണ് വന്നിരിക്കുന്നത്. അതിനാൽ അവർ എന്താണ് ചെയ്യുന്നതെന്ന് അറിയുകയും അവർ ചെയ്യുന്നതിൽ നിന്ന് അവരെ തടയുകയും വേണം."

തുടർന്ന് രണ്ടുപേരും മിസ്ഹബി ﷺ ന്റെ അടുത്തെത്തി; അദ്ദേഹത്തോട് തർക്കിച്ചു. മദീന വിട്ട് പോകുവാൻ അവർ ആവശ്യപ്പെട്ടു. മിസ്ഹബ് ﷺ സൗമ്യമായി പറഞ്ഞു: "എന്തുകൊണ്ടാണ് എനിക്ക് പറയാനുള്ളത് നിങ്ങൾ കേൾക്കാത്തത്? ഇത് നന്മയാണെങ്കിൽ അത് നിങ്ങൾക്ക് സ്വീകരിക്കാം, അല്ലെങ്കിൽ ഞങ്ങൾ തിരിച്ചുപോകാം." തുടർന്ന് അദ്ദേഹം ചില ക്വുർആൻ സൂക്തങ്ങൾ പാരായണം ചെയ്തു. ഇസ്ലാമിനെക്കുറിച്ച്, ഏകദൈവാരാധനയെക്കുറിച്ച്, ബിംബാരാധനയുടെ നിരർഥകതയെക്കുറിച്ച് വിവരിച്ചു. നബി ﷺ യെ സംബന്ധിച്ച് പറഞ്ഞുകൊടുത്തു. എല്ലാം സസൂക്ഷ്മം കേട്ട ആ സഹോദരങ്ങൾ ഇസ്ലാം സ്വീകരിച്ചു.

31ാം വയസ്സിലാണ് സഅ്ദ് ﷺ ഇസ്ലാമിലേക്ക് കടന്നുവരുന്നത്. അത് മദീനയിൽ വലിയ സ്വാധീനം സൃഷ്ടിച്ചു. ഒരുപാടുപേർ അദ്ദേഹത്തിനു പിറകിലായി ഇസ്ലാമിലേക്ക് വന്നു.

ബദ്ർയുദ്ധ സന്ദർഭം. സ്വഹാബികൾ യുദ്ധത്തിന് ഒരുങ്ങിവന്നതല്ല. അതുകൊണ്ട് തന്നെ അവരുടെ കയ്യിൽ ആവശ്യമുള്ള ആയുധങ്ങളോ ആൾബലമോ ഉണ്ടായിരുന്നില്ല. മുഹാജിറുകളുമായി ചർച്ച ചെയ്ത ശേഷം പ്രവാചകൻ ﷺ അൻസ്വാറുകളുടെ അഭിപ്രായം അറിയാൻ തീരുമാനിച്ചു. കാരണം അക്വബ ഉടമ്പടിയിലുള്ളത് 'മദീനയിൽ പ്രവാചകനെ സംരക്ഷിക്കും' എന്നാണ്. ബദ്ർ മദീനക്ക് പുറത്തുള്ള സ്ഥലമാണ്.

നബി ﷺ പറഞ്ഞു: "ജനങ്ങളേ, നിങ്ങളുടെ അഭിപ്രായം പറയൂ." ഈ സന്ദർഭത്തിൽ സഅ്ദുബ്നു മുആദ് ﷺ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, നിങ്ങൾ ഞങ്ങളെ ഉദ്ദേശിച്ചത് പോലെയുണ്ടല്ലോ?" നബി ﷺ പറഞ്ഞു: "അതെ."

അപ്പോൾ സഅ്ദ് ﷺ പറഞ്ഞു: "ഞങ്ങൾ താങ്കളിൽ വിശ്വസിച്ചു. താങ്കളെ സത്യപ്പെടുത്തി. താങ്കൾ കൊണ്ടുവന്നത് സത്യമാണെന്ന് ഞങ്ങൾ അംഗീകരിച്ചു. ഞങ്ങൾ താങ്കൾ പറയുന്നത് കേൾക്കാമെന്നും അനുസരിക്കാമെന്നും കരാർ നൽകിയിട്ടുണ്ട്. അതുകൊണ്ട് എന്തൊന്നാണോ താങ്കൾ ഉദ്ദേശിക്കുന്നത് അതിലേക്ക് നീങ്ങിക്കൊള്ളുക. ഞങ്ങൾ താങ്കളോടൊപ്പം ഉണ്ട്. ഒരു കടൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞങ്ങളോട് അതിലേക്ക് ഇറങ്ങാൻ പറഞ്ഞാൽ അങ്ങയോടൊപ്പം ഞങ്ങളും ഇറങ്ങും. ഞങ്ങളിൽ ഒരാൾ പോലും പിന്തിരിയില്ല. നാളെ ശത്രുക്കളെ കണ്ടുമുട്ടുന്നതിൽ ഞങ്ങളിൽ ഒരാളും അനിഷ്ടക്കാരല്ല. ഞങ്ങൾ യുദ്ധത്തിൽ ക്ഷമാലുക്കളാണ്. ഏറ്റുമുട്ടുന്നതിൽ ആത്മാർഥതയുള്ളവരാണ്. അങ്ങയുടെ കണ്ണുകൾക്ക് കുളിർമ നൽകുന്ന കാര്യങ്ങൾ അല്ലാഹു ഞങ്ങളിലൂടെ താങ്കൾക്ക് കാണിച്ചുതന്നേക്കാം. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ താങ്കൾ ഞങ്ങളെയുംകൊണ്ട് മുന്നോട്ടുനീങ്ങിക്കൊള്ളുക."

പ്രവാചകൻ ﷺ വിഷമിച്ച അനവധി സന്ദർഭങ്ങളിൽ സഅ്ദ് ﷺ ആശ്വാസമേകുന്ന വാക്കുകൾ നൽകിയിട്ടുണ്ട്. ഉഹ്ദ് യുദ്ധ ദിവസം ഖാലിദുബ്നു വലീദി ﷺ ന്റെ നേതൃത്വത്തിൽ പിന്തിരിഞ്ഞോടിയ മുശ്‌രിക്കുകൾ ആക്രമണം നടത്തുകയും സ്വഹാബികൾ പിന്തിരിഞ്ഞോടുകയും ചെയ്തപ്പോൾ പ്രവാചകന് കാവലായി നിന്നവരിൽ സഅ്ദുബ്നു മുആദും ﷺ ഉണ്ടായിരുന്നു.

മദീനയിൽ മുസ്‌ലിംകൾ ഏറ്റവും പ്രയാസമനുഭവിച്ച സന്ദർഭത്തിലായിരുന്നു ഖന്തക്ക് യുദ്ധം. കരാർ ലംഘനം നടത്തിയ ബനൂനളീർ ഗോത്രത്തെ പ്രവാചകൻ ﷺ മദീനയിൽനിന്ന് പുറത്താക്കി. പുറത്താക്കപ്പെട്ട ബനൂനളീർ ഗോത്രത്തിലെ ചിലർ മക്കയിൽ ചെന്ന് മുശ്‌രിക്കുകളുമായി സംസാരിച്ചു. ക്വുറൈശികൾ, യഹൂദികൾ, ബനൂനളീർ, ഗത്വ്ഫാൻ തുടങ്ങിയ വിഭാഗങ്ങൾ മുസ്‌ലിംകൾക്ക് എതിരെ സഖ്യം ചേർന്ന് മദീന ആക്രമിക്കാൻ തീരുമാനിച്ചു.

മുസ്‌ലിംകൾക്ക് പരീക്ഷണം ശക്തമാവുകയും ഉപരോധം വീണ്ടും മുന്നോട്ടുനീങ്ങുകയും ചെയ്തപ്പോൾ ഗത്വ്ഫാൻ ഗോത്രത്തിന്റെ നേതാക്കളുടെ അടുക്കലേക്ക് പ്രവാചകൻ ആളെ അയച്ചു. 'നിങ്ങളും നിങ്ങളുടെ കൂടെയുള്ളവരും മദീനയിൽനിന്നും മടങ്ങിപ്പോകുന്നപക്ഷം മദീനയിലെ പഴങ്ങളുടെ മൂന്നിലൊന്ന് നിങ്ങൾക്ക് നൽകാം' എന്ന വ്യവസ്ഥയിൽ അവരുമായി കരാറുണ്ടാക്കി. ഈ കരാറിനെ അവർ അംഗീകരിക്കുകയും ചെയ്തു.

ഇപ്രകാരം ചെയ്യുന്നതിനുവേണ്ടി നബി ﷺ സഅ്ദുബ്നു മുആദി ﷺ നോടും സഅ്ദുബ്നു ഉബാദ ﷺ യോടും അഭിപ്രായം ചോദിച്ചു. അപ്പോൾ അവർ നബി ﷺ യോട് ചോദിച്ചു: "അല്ലാഹുവിന്റെ പ്രവാചകരേ, നിങ്ങൾ ഒരു കാര്യം ഇഷ്ടപ്പെട്ടു സ്വയം ചെയ്യുകയാണോ അതല്ല നിർബന്ധമായും താങ്കൾ ചെയ്യേണ്ട നിലയ്ക്ക് അല്ലാഹു നിങ്ങളോട് കൽപിച്ചതാണോ ഇക്കാര്യം? അതോ നിങ്ങൾ ഞങ്ങൾക്കുവേണ്ടി ചെയ്യുകയാണോ?"

അപ്പോൾ നബി ﷺ ഇപ്രകാരം പറഞ്ഞു: "ഇതു ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്യുന്ന കാര്യമാണ്. അല്ലാഹു

വാണ് സത്യം, അറബികൾ നിങ്ങളെ ഒന്നിച്ച് ആക്രമിക്കുന്നതും നിങ്ങളെ എല്ലാ ഭാഗത്തുനിന്നും കടിച്ചുകീറുന്നതുമായ നിങ്ങളുടെ ദുർബലാവസ്ഥ കണ്ടപ്പോൾ എനിക്ക് അങ്ങനെ ചെയ്യാൻ തോന്നിയതാണ്.''

അപ്പോൾ സഅ്ദുബ്നു മുആദ്ﷺ പറഞ്ഞു: ''അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങളും ഈ സമൂഹവും ഒരുകാലത്ത് അല്ലാഹുവിൽ പങ്കുചേർക്കുന്നവരായിരുന്നു. വിഗ്രഹങ്ങളെ ആരാധിക്കുന്നവരായിരുന്നു. അന്നുപോലും മദീനയിലെ പഴങ്ങൾ കച്ചവടത്തിലൂടെയും സൽക്കാരത്തിലൂടെയുമല്ലാതെ ഭക്ഷിക്കാൻ അവർ ആഗ്രഹിച്ചിട്ടില്ല. ഇന്നാകട്ടെ അല്ലാഹു ഇസ്‌ലാംകൊണ്ട് ഞങ്ങൾക്ക് പ്രതാപം നൽകി. ഞങ്ങളെ അവൻ ആദരിച്ചു. ഇസ്‌ലാമിലേക്ക് ഞങ്ങൾക്ക് വഴികാണിച്ചുതന്നു. ഇത്രയും അഭിമാനത്തിന്റെ സ്ഥാനത്ത് എത്തിയ നമ്മൾ, നമ്മുടെ സമ്പത്ത് ഇവർക്ക് നൽകുകയോ? അല്ലാഹുവാണ് സത്യം; അതിന്റെ ഒരു ആവശ്യവും ഇപ്പോൾ നമുക്കില്ല. അല്ലാഹുവാണ് സത്യം, അല്ലാഹു നമുക്കും അവർക്കും ഇടയിൽ തീരുമാനം എടുക്കുന്നതുവരെ വാളല്ലാതെ മറ്റൊന്നും നാം അവർക്ക് നൽകുകയില്ല.''

അപ്പോൾ നബിﷺ പറഞ്ഞു: ''നിങ്ങൾക്ക് നിങ്ങളുടെ നിലപാട് സ്വീകരിക്കാം.''

കരാറിൽനിന്ന് പ്രവാചകൻﷺ പിൻമാറിയപ്പോൾ മദീനയെ ശത്രുക്കൾ ഉപരോധിച്ചു. എന്നാൽ ഉപരോധത്തെ പ്രതിരോധിക്കാൻ നേരത്തെതന്നെ ആസൂത്രണം ചെയ്തത് പ്രകാരം വലിയ കിടങ്ങുകൾ കീറി യുദ്ധത്തിന് തയാറായി നിൽക്കുകയായിരുന്നു. കിടങ്ങ് ചാടിക്കടക്കാൻ ശത്രുക്കൾക്ക് സാധിച്ചില്ല. എന്നാൽ അവർ അമ്പെയ്ത്ത് ആരംഭിച്ചു. സഅ്ദുബ്നു മുആദിﷺന്റെ കൈകളിൽ അമ്പുതറച്ച് നിലയ്ക്കാതെ രക്തം പ്രവഹിക്കാൻ തുടങ്ങി.

പള്ളിയോടുചേർന്ന് ഒരു ടെന്റ് കെട്ടി അവിടെ അദ്ദേഹത്തെ ശുശ്രൂഷിക്കാൻ കിടത്തി. സഅ്ദ്ﷺ ദുആ ചെയ്തു: ''അല്ലാഹുവേ, ക്വുറൈശികളുമായുള്ള യുദ്ധം ഇനിയും അവശേഷിക്കുന്നുവെങ്കിൽ എന്റെ ആയുസ്സ് നീട്ടിത്തരണേ, കാരണം നിന്റെ ദൂതനെ മർദിക്കുകയും അവിശ്വസിക്കുകയും പുറത്താക്കുകയും ചെയ്ത ഒരു ജനതക്ക് വേണ്ടി പോരാടും പോലെ, മറ്റൊരു വർഗത്തിന് വേണ്ടിയും പോരാടാൻ എനിക്ക് താൽപര്യമില്ല. ഇനി, അവരുമായുള്ള യുദ്ധം നിലയ്ക്കുകയാണെങ്കിൽ ഇന്നെനിക്ക് പറ്റിയ പരുക്ക് കാരണമായി എന്നെ നീ രക്തസാക്ഷികളിൽ പെടുത്തണേ. ബനൂക്വുറൈളക്കാരുടെ കാര്യത്തിൽ എന്റെ കൺകുളിർക്കുന്നതുവരെ നീ എന്നെ മരിപ്പിക്കരുതേ!''

ഖന്തക്ക് യുദ്ധത്തിൽ അല്ലാഹുവിന്റെ സഹായത്താൽ മുസ്‌ലിംകൾ വിജയിച്ചു. കരാർ ലംഘനം നടത്തിയ ജൂതന്മാരെ വെറുതെ വിടാൻ പാടില്ലെന്ന് നബിﷺ തീരുമാനിച്ചു. കാരണം മുസ്‌ലിംകളുമായി



നിലവിലുള്ള കരാറിന് വിരുദ്ധമായി അവസരം കിട്ടുമ്പോഴെല്ലാം കരാർ തെറ്റിക്കുന്നവരായിരുന്നു അവർ.

അവരുടെ കാര്യം സഅ്ദുബ്നു മുആദിﷺന്റെ തീരുമാനത്തിന് വിടണമെന്ന ആവശ്യമുയർന്നു. കാരണം ഇസ്‌ലാമിനുമുമ്പ് സഅ്ദുﷺമായി ജൂതർ സഖ്യത്തിലായിരുന്നു. നബിﷺയോടും ഇസ്‌ലാമിനോടും വഞ്ചന പതിവാക്കിയിരുന്ന ബനൂക്വുറൈളക്കാരുടെ തനിനിറം അറിയാമായിരുന്ന സഅ്ദ്ﷺ വിധിച്ചു: ''യോദ്ധാക്കളെ വധിക്കുക, സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തടവുകാരായി പിടിക്കുക, സ്വത്ത് കണ്ടുകെട്ടുക.''

അധികം വൈകാതെ ആ സ്വഹാബി രക്തസാക്ഷിയായി. 7 വർഷം മാത്രമാണ് ഇസ്‌ലാം സ്വീകരിച്ച ശേഷം അദ്ദേഹം ജീവിച്ചത്. ഈ ചെറിയ കാലയളവിനുള്ളിൽ അല്ലാഹുവിന്റെ തൃപ്തി നേടുവാൻ അദ്ദേഹത്തിന് സാധിച്ചു.

അനസ് ഇബ്നു മാലിക്ﷺ പറയുന്നു: ''സഅ്ദുബ്നു മുആദിﷺന്റെ ജനാസ വഹിച്ചക്കപ്പെട്ടപ്പോൾ കപടവിശ്വാസികൾ പറഞ്ഞു: ''എത്ര മാത്രം നിസ്സാരമായ ഒരു ജനാസയാണ് ഇത്.''

ബനുക്വുറൈള ഗോത്രക്കാരുടെ വിഷയത്തിൽ സഅ്ദിﷺന്റെ വിധി നടപ്പിലാക്കിയ ദേഷ്യത്തിലാണ് അവർ അപ്രകാരം പറഞ്ഞത്. ഈ വാർത്ത അറിഞ്ഞപ്പോൾ പ്രവാചകൻﷺ പറഞ്ഞു: ''മലക്കുകളായിരുന്നു അദ്ദേഹത്തെ വഹിച്ചുപോയിരുന്നത്.''

ജാബിർﷺ പറയുന്നു; നബിﷺ പറഞ്ഞു: ''സഅ്ദുബ്നു മുആദിﷺന്റെ വഫാത്ത് കാരണം അല്ലാഹുവിന്റെ അർശ് വിറകൊണ്ടു.''



ലേഖനം

# പരീക്ഷയെ ആർക്കാണു പേടി?

ഡോ. സഫീറുദ്ദീൻ നഗരൂർ
safeerudeenscert@gmail.com

പരീക്ഷകൾ പരീക്ഷണത്തിനുള്ളതല്ല. പരീക്ഷകളെക്കുറിച്ചുള്ള സമീപനത്തിലും കാഴ്ചപ്പാടിലും മാറ്റം വന്നെങ്കിലും പരീക്ഷയെന്ന പദം ഇന്നും പഴയരൂപത്തിൽ നിലനിൽക്കുന്നു. അതാണ് വിദ്യാർഥികളിൽ ചിലരെയെങ്കിലും ഇപ്പോഴും അസ്വസ്ഥരാക്കുന്നത്. വിലയിരുത്തൽ/മൂല്യനിർണയം എന്ന പദമാണ് ഇതിന് ഏറെ യോജിക്കുന്നത്. യഥാർഥത്തിൽ നടക്കുന്നതുമതാണ്. ഒരു വിദ്യാർഥി എന്തൊക്കെ പഠിച്ചിട്ടില്ല എന്നറിയാനല്ല പരീക്ഷ, മറിച്ച് എന്തെല്ലാം എത്ര അളവുവരെ പഠിച്ചു എന്നറിയാനാണ്. അതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങളും പദ്ധതികളും നിശ്ചയിക്കാനാണ് മൂല്യനിർണയം നടത്തുന്നത്.



പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായി നടക്കേണ്ടതാണ് പരീക്ഷ. അത് ഒരു മഹാസംഭവമായി കാണേണ്ടതല്ല. രസകരമായ പഠനത്തിന്റെ തുടർച്ചയാണ് രസകരമായ പരീക്ഷ. പഠനം ആസ്വാദ്യകരമാക്കലാണ് പരീക്ഷ ആസ്വാദ്യകരമാക്കാൻ എളുപ്പവഴി. ആസ്വാദ്യകരമായ രൂപത്തിൽ പരീക്ഷയെ നേരിടാൻ പലപ്പോഴും തടസ്സം നിൽക്കുന്നത് രക്ഷിതാക്കളാണ്. കാരണം തന്റെ മക്കളുടെ ഭാവി മുൻകൂട്ടി തീരുമാനിച്ച് സ്വപ്നം കണ്ടിരിക്കുന്ന രക്ഷിതാവിന് കുട്ടിയിൽ സംഭവിക്കുന്ന ഓരോ മാർക്കിന്റെ നഷ്ടവും അവന്റെ ഭാവിയിൽ കരിനിഴൽവീഴ്ത്തലാണ്. അതുകൊണ്ടാണ് കുട്ടികളെക്കാൾ കൂടുതൽ പരീക്ഷയെക്കുറിച്ച് ആശങ്ക രക്ഷിതാക്കൾക്കുണ്ടാകുന്നത്.

നമ്മെക്കുറിച്ച് നമ്മുടെ രക്ഷിതാക്കൾ മറ്റെന്തൊക്കെയോ ആഗ്രഹിച്ചിട്ടുണ്ടാകില്ലേ? പക്ഷേ, നാം എത്തിയതോ? അതുകൊണ്ട് ഓരോരുത്തരും എന്താണോ ആകേണ്ടത് അതാകാൻ സഹായിക്കലാണ് നാം ചെയ്യേണ്ടത്. ഏറ്റവും നല്ല മനുഷ്യനാകുന്നതിലും വലിയനേട്ടം വിദ്യാഭ്യാസംകൊണ്ട് നേടാനില്ല. അത് രക്ഷിതാക്കൾ തിരിച്ചറിയുമ്പോൾ പരീക്ഷയുടെ കാര്യത്തിൽ കുട്ടിയെ വലിയ സമ്മർദത്തിലാക്കാൻ കഴിയില്ല. കുട്ടിയുടെ മാനസികസമ്മർദം കുറക്കാൻ രക്ഷകർത്താവ് സഹായിക്കണം. കുട്ടി പഠിക്കാൻ മാത്രമുള്ള ഉപകരണമല്ല. അത് തിരിച്ചറിയാത്തതുകൊണ്ടാണ് പഠിക്ക്... പഠിക്ക്...പഠിക്ക് എന്ന് നാം ശഠിച്ചുകൊണ്ടിരിക്കുന്നത്. അത്തരം സമീപനം നെഗറ്റിവ് റിസൾട്ടായിരിക്കും സൃഷ്ടിക്കുക .

ശാരീരിക, മാനസിക, ബൗദ്ധിക ആരോഗ്യത്തിന് അനിവാര്യമായി വേണ്ടത് ഉറക്കവും വിശ്രമവുമാണ്. ഉറക്കം വരുമ്പോൾ മുഖത്ത് വെള്ളംതളിച്ച് ഉറക്കം കെടുത്തി കുട്ടിയുടെ നിരീക്ഷകനായി കൂടെയിരിക്കുന്ന രീതി രക്ഷിതാവ് സ്വീകരിക്കരുത്. പഞ്ചേന്ദ്രിയങ്ങളുടെ വിശ്രമ സമയമാണ് ഉറക്കം. ഉറക്കം അവകളെ ഉത്തേജിപ്പിക്കും. പഠനവും ഓർമയും വേഗത്തിലാക്കാനും ശക്തിപ്പെടുത്താനും ഉറക്കം അനിവാര്യമാണ്. ഏഴു മണിക്കൂറെങ്കിലും കുട്ടിയെ ഉറങ്ങുവാൻ അനുവദിക്കണം.

പരീക്ഷ നന്നായി എഴുതാനും നല്ല മാർക്ക് വാങ്ങാനും സാധിക്കും എന്ന ആത്മവിശ്വാസം കുട്ടിയിൽ ഉണ്ടാക്കാൻ രക്ഷിതാക്കൾ പരിശ്രമിക്കണം. തുടർച്ചയായ പഠനം മുഷിപ്പാകാതിരിക്കാൻ ഇടയ്ക്ക് കളികളും വിനോദങ്ങളും ഉണ്ടാകണം. പ്രാർഥന, ധ്യാനം, മനസ്സ് ഏകാഗ്രമാക്കൽ എന്നിവ പഠനത്തെ ശക്തിപ്പെടുത്തും.

കോവിഡ് 19ന്റെ സാഹചര്യത്തിലെ പഠനം തികച്ചും വ്യത്യസ്തതമായിരുന്നു. ക്ലാസ്മുറി കാണാത്ത കുട്ടികളുമുണ്ട്. ഓൺലൈൻ പഠനത്തിന്റെ എല്ലാ പരിമിതികളും അനുഭവിച്ചവരാണ് നമ്മുടെ കുട്ടികൾ. അധ്യാപകനിൽനിന്ന്

> **ശാരീരിക, മാനസിക, ബൗദ്ധിക ആരോഗ്യത്തിന് അനിവാര്യമായി വേണ്ടത് ഉറക്കവും വിശ്രമവുമാണ്. ഉറക്കം വരുമ്പോൾ മുഖത്ത് വെള്ളംതളിച്ച് ഉറക്കം കെടുത്തി കുട്ടിയുടെ നിരീക്ഷകനായി കൂടെയിരിക്കുന്ന രീതി രക്ഷിതാവ് സ്വീകരിക്കരുത്. പഞ്ചേന്ദ്രിയങ്ങളുടെ വിശ്രമ സമയമാണ് ഉറക്കം. ഉറക്കം അവകളെ ഉത്തേജിപ്പിക്കും. പഠനവും ഓർമയും വേഗത്തിലാക്കാനും ശക്തിപ്പെടുത്താനും ഉറക്കം അനിവാര്യമാണ്. ഏഴു മണിക്കൂറെങ്കിലും കുട്ടിയെ ഉറങ്ങുവാൻ അനുവദിക്കണം. പരീക്ഷ നന്നായി എഴുതാനും നല്ല മാർക്ക് വാങ്ങാനും സാധിക്കും എന്ന ആത്മവിശ്വാസം കുട്ടിയിൽ ഉണ്ടാക്കാൻ രക്ഷിതാക്കൾ പരിശ്രമിക്കണം. തുടർച്ചയായ പഠനം മുഷിപ്പാകാതിരിക്കാൻ ഇടയ്ക്ക് കളികളും വിനോദങ്ങളും ഉണ്ടാകണം. പ്രാർഥന, ധ്യാനം, മനസ്സ് ഏകാഗ്രമാക്കൽ എന്നിവ പഠനത്തെ ശക്തിപ്പെടുത്തും.**

നേരിട്ടു ലഭിക്കുന്ന അറിവിന്റെ ശക്തിയും പ്രസരിപ്പും നമ്മുടെ കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടാകില്ല. അപ്പോൾ പഠനത്തിനനുസൃതമായ മാറ്റം പഠനത്തെ വിലയിരുത്തുന്ന രീതിയിലും നിർബന്ധമായും വേണം.

പാഠപുസ്തകത്തിലെ മുഴുവൻ പാഠങ്ങളും കുട്ടി പഠിക്കേണ്ടതാണ്. കാരണം അത് അവന്റെ പ്രായത്തിനും തുടർക്ലാസുകളിലെ പഠനത്തിനും അനുയോജ്യമായ രീതിയിൽ ക്രമീകരിച്ചിട്ടുള്ളതാണ്. എന്നാൽ സ്കൂളോ ക്ലാസ്മുറിയോ പ്രയോജനപ്പെടുത്താൻ കഴിയാത്ത, ഓൺലൈൻ ക്ലാസുകൾ ശരിയായ രൂപത്തിൽ ലഭിക്കാത്ത ഒരു കുട്ടിക്ക് ഒരുപക്ഷേ, അത്തരത്തിലൊരു പഠനം സാധിച്ചുകൊള്ളണമെന്നില്ല. അതു പരിഗണിച്ചുകൊണ്ടാണ് ആകെ പാഠഭാഗങ്ങളുടെ നിശ്ചിത ശതമാനം ഫോക്കസ് ഏരിയയായി നിശ്ചയിച്ചുകൊണ്ട് അവ നന്നായി പഠിക്കാൻ വിദ്യാഭ്യാസ വകുപ്പ് നിർദേശിച്ചിട്ടുള്ളത്. അത്രയും ഭാഗങ്ങൾ നന്നായി പഠിച്ചാൽ തന്നെ എ പ്ലസ് വാങ്ങാൻ സാധിക്കും. എത്ര മാർക്കിന്റെ ചോദ്യങ്ങളായിരുന്നോ മുൻവർഷങ്ങളിൽ ഉണ്ടായിരുന്നത് അത്രയുംകൂടി ചോദ്യങ്ങൾ ഇക്കൊല്ലം ഉണ്ടാകും. അതായത് 40 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരുന്നിടത്ത് 80 മാർക്കിന്റെ ചോദ്യമുണ്ടാകും. അതിനാൽ പുതിയ ചോദ്യപേപ്പറിനെ സമീപിക്കുമ്പോൾ ചില കാര്യങ്ങൾ നാം ശ്രദ്ധിക്കണം.



മുഴുവൻ മാർക്കിന്റെയും ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ ശ്രമിക്കുന്നത് ഗുണകരമല്ല എന്ന് മാത്രവുമല്ല ദോഷകരമാകാൻ സാധ്യതയുമുണ്ട്. കാരണം ഓരോ വിഷയത്തിന് പരമാവധി ലഭിക്കുന്ന മാർക്ക്, പരീക്ഷ എഴുതാനുള്ള സമയം എന്നിവ വർധിപ്പിച്ചിട്ടില്ല. ചുരുക്കത്തിൽ ഒന്നരമണിക്കൂർ കൊണ്ട് 80 മാർക്കിന്റെ ചോദ്യത്തിൽ നിന്നും 40 മാർക്കിന്റെ ചോദ്യത്തിന്നാണ് ഉത്തരമെഴുതേണ്ടത്.

സമാശ്വാസ സമയം (Cool Off time) 15 മിനുട്ട് ഉണ്ടായിരുന്നത് 20 ആക്കി വർധിപ്പിച്ചിട്ടുണ്ട്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ മാത്രം ഉപയോഗിച്ചിരുന്ന പ്രസ്തുത സമയം ഇപ്രാവശ്യം ഉത്തരം എഴുതുന്നതിനുകൂടി ഉപയോഗിക്കാം. പരീക്ഷക്കു കൂടുതൽ മാർക്ക് ലഭിക്കാൻ ചോദ്യപേപ്പർ ലഭിച്ചാലുടൻ തന്നെ ചോദ്യങ്ങൾ ഓരോന്ന് വായിക്കുകയും നന്നായി ഉത്തരമെഴുതാൻ സാധിക്കുന്നവ അപ്പോൾ തന്നെ അടയാളപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അടയാളപ്പെടുത്തിയവയുടെ മാർക്ക് കൂട്ടി നോക്കി 40 മാർക്കിന്റെ ചോദ്യങ്ങൾ ആയോ എന്ന് ഉറപ്പ് വരുത്തുക. ഇല്ലെങ്കിൽ വീണ്ടും ചേർക്കുക. അങ്ങനെ തെരഞ്ഞെടുത്ത 40 മാർക്കിന്റെ ചോദ്യങ്ങൾക്ക് നന്നായി ഉത്തരമെഴുതിയാൽ എ പ്ലസ് മാർക്ക് വാങ്ങാൻ സാധിക്കും.

60 മാർക്കിന്റെ ചോദ്യങ്ങൾക്കാണ് ഉത്തരമെഴുതുന്നതെങ്കിലും ഏതെങ്കിലും 40 മാർക്കിന്റെ ചോദ്യത്തിനു ലഭിച്ച മാർക്ക് മാത്രമെ പരിഗണിക്കുകയുള്ളൂ. വസ്തുനിഷ്ഠ ചോദ്യങ്ങൾക്ക് (Objective Type) മുഴുവൻ ഉത്തരം ശരിയായി എഴുതാൻ സാധിച്ചാൽ മറ്റു ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ ആവശ്യമായ സമയം ലഭിക്കുകയും ചെയ്യും. ചുരുക്കത്തിൽ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വിദ്യാർഥിപക്ഷത്ത് നിന്നുകൊണ്ടുള്ള ചോദ്യങ്ങളായിരിക്കും വരിക. ആദ്യത്തെ 40% പാഠഭാഗങ്ങൾ നന്നായി പഠിക്കുക. മറ്റു ഭാഗങ്ങളിലെ ചോദ്യങ്ങൾ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്ന (Option) രീതിയിൽ പരിഗണിച്ചാൽ മതി. വിജയം നിങ്ങളോടൊപ്പമാണ്.

*പ്രാർഥന + പരിശ്രമം + പ്രകടനം = പ്രതീക്ഷിത വിജയം.*

**(റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി കേരള, തിരുവനന്തപുരം)**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com






# ഉത്തരം ലഭിച്ച പ്രാർഥനകൾ

**മുഹമ്മദ് നബിﷺ 15**

നബിﷺ പല സന്ദർഭങ്ങളിലും പലരുടെയും നന്മയ്ക്കായി തേടുകയും അല്ലാഹു അതിന് ഉത്തരം നൽകുകയും ചെയ്ത നിരവധി സംഭവങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഒരു സന്ദർഭം കാണുക:


നബിﷺ സേനാനായകനായി നിയോഗിക്കാറുണ്ടായിരുന്ന സ്വഹാബിയായിരുന്നു ജരീർ. അദ്ദേഹത്തിന് കുതിരപ്പുറത്ത് ഇരിപ്പുറപ്പിക്കാൻ കഴിയാത്ത ഒരു അസുഖം ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ നബിﷺ ഒരു യാത്രക്ക് ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം നബിﷺയോട് തന്റെ വിഷമം ബോധിപ്പിച്ചു. ജരീർ പറയുന്നു: "അപ്പോൾ നബിﷺ തന്റെ കൈകൊണ്ട് എന്റെ നെഞ്ചിൽ, ഞാൻ അതിന്റെ അടയാളം കാണുമാറ് ഒന്ന് കൊട്ടി. അവിടുന്ന് പ്രാർഥിക്കുകയും ചെയ്തു: 'അല്ലാഹുവേ, ഇദ്ദേഹത്തിന് നീ സ്ഥൈര്യം നൽകേണമേ, ഇദ്ദേഹത്തെ നീ സന്മാർഗം ലഭിച്ചവനും മാർഗദർശിയും ആക്കേണമേ.' ജരീർ പറയുന്നു: 'അതിനുശേഷം ഞാൻ കുതിരപ്പുറത്തുനിന്ന് വീണിട്ടില്ല."

അല്ലാഹുവിന്റെ റസൂൽﷺ ഒരാളുടെ ഗുണത്തിനുവേണ്ടി തേടിയപ്പോൾ അല്ലാഹു അത് സ്വീകരിച്ചതിന് ഒരു ഉദാഹരണമാണ് ഇവിടെ നാം കണ്ടത്. ഒരു സംഭവംകൂടി കാണുക.

അത്വാഇ‍ؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "എന്നോട് ഇബ്നു അബ്ബാസ്ؓ ചോദിച്ചു: 'സ്വർഗക്കാരിൽ പെട്ട ഒരു സ്ത്രീയെ ഞാൻ നിനക്ക് കാണിച്ചുതരട്ടെയോ?' ഞാൻ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'ഈ കറുത്ത സ്ത്രീയാകുന്നു അവർ. (ഒരിക്കൽ) അവർ നബിﷺയുടെ അടുക്കൽ വന്നു; എന്നിട്ട് പറഞ്ഞു: തീർച്ചയായും ഞാൻ ബോധരഹിതയായി വീഴുന്നവളാകുന്നു, ആ സമയം (എന്റെ നഗ്നത) വെളിവാകുന്നവളുമാകുന്നു ഞാൻ. അതിനാൽ അങ്ങ് അല്ലാഹുവിനോട് എനിക്കുവേണ്ടി പ്രാർഥിക്കണം.' നബിﷺ പറഞ്ഞു: 'നീ ഉദ്ദേശിക്കുന്നുവെങ്കിൽ ക്ഷമിക്കുക, നിനക്ക് സ്വർഗമുണ്ടാകും. നീ ഉദ്ദേശിക്കുന്നുവെങ്കിൽ ഞാൻ അല്ലാഹുവിനോട് നിനക്ക് സൗഖ്യം ലഭിക്കാനായി പ്രാർഥിക്കാം.' അപ്പോൾ അവർ പറഞ്ഞു: 'ഞാൻ ക്ഷമിക്കുകയാണ്.' എന്നിട്ട് അവർ പറഞ്ഞു: 'തീർച്ചയായും ഞാൻ (ആ സമയത്ത് നഗ്നത) വെളിവാകുന്നവളാണല്ലോ. അതിനാൽ (എന്റെ നഗ്നത) വെളിവാകാതിരിക്കാനായി എനിക്ക് വേണ്ടി അല്ലാഹുവിനോട് അങ്ങ് പ്രാർഥിക്കണം.' അപ്പോൾ നബിﷺ അവർക്കുവേണ്ടി പ്രാർഥിച്ചു" (ബുഖാരി, മുസ്‌ലിം).

ക്ഷമയിലൂടെ സ്വർഗം കാംക്ഷിച്ച ആ സ്ത്രീ അബോധാവസ്ഥയിൽ വീഴുന്ന സമയത്ത് നഗ്നത വെളിവാകുന്നത് ഇല്ലാതിരിക്കുവാൻ വേണ്ടി പ്രാർഥിക്കാൻ അപേക്ഷിച്ചു. നബിﷺ അവർക്കുവേണ്ടി പ്രാർഥിക്കുകയും അല്ലാഹു ആ പ്രാർഥന സ്വീകരിക്കുകയും ചെയ്തു.

അല്ലാഹു ആദരവും മഹത്ത്വവും ഒരാൾക്ക് നൽകുന്നത് കറുത്തവനെന്നോ വെളുത്തവനെന്നോ നോക്കിയിട്ടല്ല. സുന്ദരനും സുമുഖനുമായ അബൂലഹബിനെ ശപിക്കപ്പെട്ടവനായിട്ടാണ് ക്വുർആൻ നമുക്ക് പരിചയപ്പെടുത്തിത്തരുന്നത്. എന്നാൽ കറുത്തവനായ ബിലാലിؓനെയും ഈ സ്ത്രീയെയും സ്വർഗാവകാശികളായിട്ടാണ് തിരുനബിﷺ നമുക്ക് പരിചയപ്പെടുത്തിയിട്ടുള്ളത്! വിശ്വാസത്തിന്റെയും കർമത്തിന്റെയും അടിസ്ഥാനത്തിലാണ് അല്ലാഹു ഏതൊരാൾക്കും പരിഗണന നൽകുക.




അല്ലാഹുവിന്റെ റസൂൽﷺ ആർക്കെങ്കിലും എതിരായി പ്രാർഥിച്ചാലോ? ആ പ്രാർഥനയ്ക്കും ഫലം കാണും. അതിനും ധാരാളം ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണാം.

നബിﷺയുടെ പ്രവാചകത്വ ജീവിത കാലത്തിന്റെ തുടക്കത്തിൽ ഇസ്‌ലാമിക പ്രബോധനത്തിനായി കത്തെഴുതി അയക്കുമായിരുന്നു. നബിﷺക്ക് എഴുത്തോ വായനയോ അറിയില്ലല്ലോ. അതിനാൽ തന്റെ എഴുത്തുകാരെ കൊണ്ട് എഴുതിപ്പിക്കലായിരുന്നു പതിവ്. എഴുത്തും വായനയും അറിയാത്ത ഒരു പ്രവാചകനാണ് എഴുത്തും വായനയും അറിയാവുന്ന മുഴുവൻ പേരെയും അത്ഭുതപ്പെടുത്തുന്ന ഗ്രന്ഥവുമായി വന്നത്. അത് ഒരു അത്ഭുതമാണല്ലോ!

അയൽപ്രദേശങ്ങളിലെ രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തെഴുതി കൊടുത്തു

വിടുന്ന കൂട്ടത്തിൽ അന്ന് പേർഷ്യ ഭരിച്ചിരുന്ന കിസ്‌റാ രാജാവിനും നബിﷺ ഒരു കത്ത് എഴുതി. ആ കത്ത് പ്രവാചകാനുചരൻ അബ്ദുല്ലാഹിബ്‌നു ഹുദാഫ‌യുടെ അടുക്കൽ കൊടുത്തയച്ചു. 'നിങ്ങൾ മുസ്‌ലിമാകണം. എന്നാൽ നിങ്ങൾ രക്ഷപ്പെടും'- ഇതായിരുന്നു കത്തിന്റെ ഉള്ളടക്കം. കത്ത് അബ്ദുല്ലാഹിബ്‌നു ഹുദാഫ‌ രാജാവിന് കൈമാറി. രാജാവ് കത്ത് വായിച്ചു. ധിക്കാരം മൂത്ത പേർഷ്യൻ രാജാവ് ആ കത്ത് പ്രവാചകാനുചരന്റെ മുന്നിൽവെച്ച് പിച്ചിച്ചീന്തിയെറിഞ്ഞു. തന്റെ കത്തിനോടും അനുചരനോടും അവഗണനയും നിന്ദ്യതയും കാണിച്ച വിവരം അവിടുന്ന് അറിഞ്ഞു. നബിﷺക്ക് അത് ഏറെ വിഷമമുണ്ടാക്കി. അവിടുന്ന് അല്ലാഹുവിനോട് ദുആ ചെയ്തു: 'അല്ലാഹുവേ, അവന്റെ അധികാരത്തെയും നീ പിച്ചിച്ചീന്തേണമേ.' നബിﷺയുടെ പ്രാർഥന അല്ലാഹു സ്വീകരിച്ചു.

പിതാവ് പറയുന്നതു കേട്ട്, പിതാവിന്റെ സേനാനായകനായി കഴിഞ്ഞിരുന്ന ഷീറവയ്ഹി എന്ന മകൻ പിതാവിനെതിരിൽ രംഗത്തുവന്നു. നബിﷺയുടെ പ്രാർഥനക്ക് ശേഷം മകന്റെ മനസ്സിൽ പിതാവിന്റെ സിംഹാസനം തട്ടിയെടുക്കാനുള്ള ചിന്തയുദിച്ചു. അവസാനം മകൻ പിതാവിനെ ചതിയിലൂടെ കൊലപ്പെടുത്തിയതായാണ് ചരിത്രം!

അധികാരത്തിന്റെയും പണത്തിന്റെയും സ്വാധീനത്തിന്റെയും ഹുങ്കിൽ അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും അവന്റെ ദീനിനോടും കളിക്കുന്നവർ എല്ലാവരുടെയും അധികാരിയായ അല്ലാഹുവിനെക്കുറിച്ച് മനസ്സിലാക്കുന്നത് നല്ലതാണ്.

"പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നൻമയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. രാവിനെ നീ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ നീ രാവിലും പ്രവേശിപ്പിക്കുന്നു. ജീവനില്ലാത്തതിൽ നിന്ന് നീ ജീവിയെ പുറത്ത് വരുത്തുന്നു. ജീവിയിൽ നിന്ന് ജീവനില്ലാത്തതിനെയും നീ പുറത്തു വരുത്തുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കുനോക്കാതെ നീ നൽകുകയും ചെയ്യുന്നു" (ക്വുർആൻ 3:27).

ഒരാൾ അല്ലാഹുവിന്റെ റസൂലിﷺന്റെ അടുക്കൽ വെച്ച് ഇടതുകൈകൊണ്ട് തിന്നുകയാണ്. അപ്പോൾ നബിﷺ പറഞ്ഞു: 'താങ്കളുടെ വലതുകൈകൊണ്ട് താങ്കൾ തിന്നുക.' അദ്ദേഹം പറഞ്ഞു: 'എനിക്ക് (അതിന്) കഴിയില്ല.' നബിﷺ പറഞ്ഞു: '(എന്നാൽ ഇനി) നിനക്ക് സാധിക്കുകയുമില്ല.' അയാളെ അതിൽനിന്ന് തടഞ്ഞത് അഹങ്കാരമല്ലാതെ മറ്റൊന്നുമായിരുന്നില്ല. (സംഭവം പറയുന്ന സലമത്ത് ഇബ്നുൽ അക്‌വഅ്‌ പറയുന്നു: 'അതിനുശേഷം അത് (വലത് കൈ) അയാളുടെ വായിലേക്ക് ഉയർത്തിയിട്ടില്ല' (മുസ്‌ലിം).

വലതുകൈകൊണ്ട് മാത്രമെ ഭക്ഷണം കഴിക്കാനും വെള്ളം കുടിക്കാനും പാടുള്ളൂ എന്നത് നബിﷺയുടെ കൽപനയാണല്ലോ. അവിടുത്തെ കൽപനക്ക് എതിരായി ഇടതുകൈകൊണ്ട് ഭക്ഷണം കഴിക്കുന്ന ആളോട് നബിﷺ വലതുകൈകൊണ്ട് ഭക്ഷിക്കുവാൻ കൽപിച്ചു. അഹങ്കാരിയായ ആ മനുഷ്യൻ 'എനിക്ക് പറ്റില്ല' എന്ന മറുപടിയാണ് നൽകിയത്. വലതുകൈക്ക് രോഗം ഉള്ളതിനാലൊന്നുമല്ല അയാൾ അ

> **യഹൂദികൾ നബിﷺയെ ചീത്തഗുണവും സൽഗുണവും സൂചിപ്പിക്കുന്ന രൂപത്തിലുള്ള ദ്വയാർഥം പ്രയോഗിച്ച് വിളിക്കാറുണ്ടായിരുന്നു. നബിﷺയോട് സലാം പറയുന്ന രൂപത്തിൽ പോലും അവർ കൃത്രിമത്വം കാണിച്ചിരുന്നു. 'അസ്സലാമു അലയ്കും വ റഹ്മതുല്ലാഹ്' (നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും ഉണ്ടാകട്ടെ) എന്നു പറയലാണ് ഇസ്‌ലാമിന്റെ അഭിസംബോധന രീതി. എന്നാൽ യഹൂദികൾ അദ്ദേഹത്തെ അവഹേളിച്ച് പെട്ടെന്ന് തിരിയാത്ത രൂപത്തിൽ ചെറിയ കൃത്രിമം കാണിച്ചായിരുന്നു സലാം പറഞ്ഞിരുന്നത്. 'അസ്സാമു അലയ്കും' (നിനക്ക് അല്ലാഹുവിങ്കൽനിന്ന് നാശമുണ്ടാകട്ടെ) എന്ന് ജൂതൻ നബിﷺയെ അഭിസംബോധന നടത്തിയിരുന്നു. പെട്ടെന്ന് ഒരാൾ കേൾക്കുമ്പോൾ അതിലെ വ്യത്യാസം മനസ്സിലാക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. നിഷ്‌കളങ്കനായ നബിﷺക്ക് അത് മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. അല്ലാഹു നബിﷺക്ക് അതിനെക്കുറിച്ച് വിവരം അറിയിച്ചു. അവർ അപ്രകാരം പറയുമ്പോൾ തിരിച്ച് അവരോട് 'വ അലയ്കും' (നിങ്ങൾക്കും) എന്നു പറയാൻ അല്ലാഹു കൽപിച്ചു.**

പ്രകാരം പറഞ്ഞത്. അഹങ്കാരമാണ് അയാളെ അതിന് പ്രേരിപ്പിച്ചത്. എന്നാൽ നിനക്ക് ഇനി അതിന് കഴിയാതിരിക്കുകയും ചെയ്യട്ടെ എന്ന് നബിﷺയും പ്രതികരിച്ചു. അവിടുത്തെ വാക്ക് അയാൾക്കെതിരിൽ ബാധിച്ചു. പിന്നീട് ഒരിക്കൽ പോലും തന്റെ വലതുകൈ വായിലേക്ക് ഉയർത്താൻ അയാൾക്ക് സാധിച്ചിട്ടില്ലെന്നാണ് സ്വഹാബി നമുക്ക് പറഞ്ഞുതരുന്നത്.

നാലുസംഭവങ്ങൾ നാം ഇവിടെ മനസ്സിലാക്കി. നബിﷺയുടെ പ്രാർഥന മറ്റുള്ളവരുടെ പ്രാർഥന പോലെയല്ല. അത് സ്വീകരിക്കപ്പെടും. അല്ലാഹുവിന്റെ റസൂലിﷺന്റെ കൽപനകൾക്ക് ധിക്കാരപൂർവം എതിരു പ്രവർത്തിക്കുന്നവരെ കുഫ്‌റും ശിർക്കുമടക്കം വലിയ കുഴപ്പങ്ങൾ ബാധിക്കുമെന്നാണ് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്.

"നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നതുപോലെ നിങ്ങൾ ആക്കിത്തീർക്കരുത്. (മറ്റുള്ളവരുടെ) മറപിടിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടത്തിൽനിന്ന് ചോർന്ന് പോകുന്നവരെ അല്ലാഹു അറിയുന്നുണ്ട്. ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ"(ക്വുർആൻ 24:63).

### നബിﷺയെ വിളിക്കുന്ന പേരുകളിൽ ദ്വയാർഥം പാടില്ല

പലപ്പോഴും പലരും ചിലരെ ദ്വയാർഥം വരുന്ന പേരുകളിൽ വിളിക്കാറുണ്ട്. ആ പേരിൽ രണ്ട് അർഥം കാണാം. ഒന്ന് ചീത്ത ഗുണത്തെയും മറ്റൊന്ന് ദുർഗുണത്തെയും സൂചിപ്പിക്കുന്നത്. ഇത്തരം പ്രയോഗത്തിലൂടെ സഹോദരങ്ങളെ അവഹേളിക്കുന്നത് വിശ്വാസിക്ക് ഭൂഷണമല്ലെന്നത് പറയേണ്ടതില്ലല്ലോ. ഇത്തരം സ്വഭാവങ്ങൾ വർജിക്കപ്പെടേണ്ടതാണ്.

ദ്വയാർഥം വരുന്ന രൂപത്തിൽ നബിﷺയെ അഭിസംബോധന ചെയ്യുന്നത് ക്വുർആൻ വിലക്കിയിട്ടുണ്ട്. യഹൂദികൾ നബിﷺയെ ചീത്തഗുണവും സൽഗുണവും സൂചിപ്പിക്കുന്ന രൂപത്തിലുള്ള ദ്വയാർഥം പ്രയോഗിച്ച് വിളിക്കാറുണ്ടായിരുന്നു. നബിﷺയോട് സലാം പറയുന്ന രൂപത്തിൽ പോലും അവർ കൃത്രിമത്വം കാണിച്ചിരുന്നു. 'അസ്സലാമു അലയ്കും വ റഹ്മതുല്ലാഹ്' (നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും ഉണ്ടാകട്ടെ) എന്നു പറയലാണ് ഇസ്‌ലാമിന്റെ അഭിസംബോധന രീതി. എന്നാൽ യഹൂദികൾ അദ്ദേഹത്തെ അവഹേളിച്ച് പെട്ടെന്ന് തിരിയാത്ത രൂപത്തിൽ ചെറിയ കൃത്രിമം കാണിച്ചായിരുന്നു സലാം പറഞ്ഞിരുന്നത്. 'അസ്സാമു അലയ്കും' (നിനക്ക് അല്ലാഹുവിങ്കൽനിന്ന് നാശമുണ്ടാകട്ടെ) എന്ന് ജൂതൻ നബിﷺയെ അഭിസംബോധന നടത്തിയിരുന്നു. പെട്ടെന്ന് ഒരാൾ കേൾക്കുമ്പോൾ അതിലെ വ്യത്യാസം മനസ്സിലാക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. നിഷ്‌കളങ്കനായ നബിﷺക്ക് അത് മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. അല്ലാഹു നബിﷺക്ക് അതിനെക്കുറിച്ച് വിവരം അറിയിച്ചു. അവർ അപ്രകാരം പറയുമ്പോൾ തിരിച്ച് അവരോട് 'വ അലയ്കും' (നിങ്ങൾക്കും) എന്നു പറയാൻ അല്ലാഹു കൽപിച്ചു.

താൽക്കാലികമായി മാനസികസുഖം അനുഭവിക്കുക എന്നതിലുപരി യാതൊന്നും അവർക്ക് ഈ അവഹേളനങ്ങൾ മുഖേന നേടാൻ സാധിച്ചിരുന്നില്ല. ഞാൻ മുഹമ്മദിനെ എന്തോ ഒന്ന് ചെയ്തു എന്ന് സ്വയം നിർവൃതി ലഭിക്കത്തക്കരൂപത്തിലുള്ള ഒരു കേവല ആശ്വാസം മാത്രം ലഭിച്ചിരിക്കാം.



ഇതുപോലെ അവർ പ്രകടിപ്പിച്ചിരുന്ന മറ്റൊരു കുരുട്ടുബുദ്ധി ഇതാണ്: വിശ്വാസികളാൽ നിറഞ്ഞ് നിൽക്കുന്ന നബിﷺയുടെ സദസ്സ്. അതിൽ ഒറ്റയും തെറ്റയുമായി ചില ജൂതൻമാർ ഇരിപ്പുണ്ടാകും. അങ്ങനെ നബിﷺ വിശ്വാസികൾക്ക് ദീനിനെ പറ്റി പഠിപ്പിച്ചു കൊടുക്കുമ്പോൾ വല്ല സംശയവും അവർക്ക് ഉണ്ടായാൽ അവർ എഴുന്നേറ്റുനിന്ന് 'റാഇനാ' (നബിയേ, ഞങ്ങളെ കൂടി പരിഗണിച്ചാലും) എന്ന് പറയും. മനസ്സിലായിട്ടില്ലാത്ത കാര്യങ്ങൾ തങ്ങളെ പരിഗണിച്ച് ഒന്നു കൂടി ആവർത്തിക്കുക എന്ന ഉദ്ദേശത്തിലാണ് സ്വഹാബിമാർ നബിﷺയോട് അങ്ങനെ പറഞ്ഞിരുന്നത്.

സ്വഹാബിമാർ അറിവിനെ സ്നേഹിച്ചവരായിരുന്നു. ദീനിന്റെ കാര്യം വ്യക്തതയോടെ ഗ്രഹിക്കാനും പഠിക്കാനും അവർ അത്യുത്സാഹം കാണിച്ചിരുന്നു. അതിനാലാണ് നബിﷺയുടെ സദസ്സിൽവെച്ച് തന്നെ 'റാഇനാ' (അല്ലാഹുവിന്റെ റസൂലേ, ഞങ്ങളെയും പരിഗണിച്ചാലും) എന്ന് അവർ പറഞ്ഞിരുന്നത്. പഠിപ്പിച്ചുതരുന്ന കാര്യങ്ങളിൽ സംശയം ബാക്കിയാക്കി സദസ്സ് വിട്ടുപോകുന്നതിനെക്കാൾ ഗുണകരം ആ സംശയം തീർത്ത് പോകലാണല്ലോ.

സ്വഹാബിമാർ 'റാഇനാ' എന്നു പറഞ്ഞിരുന്നത് എന്ത് ഉദ്ദേശത്തിലായിരുന്നെന്ന് നാം മനസ്സിലാക്കി.യഹൂദികളും നബിﷺയോട് സദസ്സിൽവെച്ച് ഇപ്രകാരം പറയും. എന്നാൽ കുതന്ത്രക്കാരായ യഹൂദികൾ ഇങ്ങനെ പറയുന്നതിന്റെ ഉദ്ദേശ്യം മറ്റൊന്നാണ്. നബിﷺയെ പരിഹസിച്ചുകൊണ്ട് 'ഞങ്ങളുടെ ആട്ടിടയാ' എന്ന അർഥത്തിലോ, അല്ലെങ്കിൽ 'ഞങ്ങളുടെ കൂട്ടത്തിലെ വിഡ്ഢീ' എന്ന അർഥത്തിലോ ആയിരുന്നു അവർ നബിﷺയെ അങ്ങനെ വിളിച്ചിരുന്നത്. ആയതിനാൽ നല്ല അർഥവും ചീത്ത അർഥവും സൂചിപ്പിക്കാവുന്ന 'റാഇനാ' എന്ന വിളി അല്ലാഹു വിശ്വാസികളോട് വിലക്കി.

"ഹേ: സത്യവിശ്വാസികളേ, നിങ്ങൾ (നബിയോട്) റാഇനാ എന്ന് പറയരുത്. പകരം ഉൻളുർനാ എന്ന് പറയുകയും ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യുക. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്" (ക്വുർആൻ 2:104).

ഈ സൂക്തം എന്താണ് ഉദ്ദേശിക്കുന്നത് എന്ന് നാം മനസ്സിലാക്കുകയുണ്ടായി. എന്നാൽ ഇതിനെ നബിﷺയോട് പ്രാർഥിക്കാനുള്ള തെളിവാക്കി ദുർവ്യാഖ്യാനിക്കുന്ന ചില പുരോഹിതന്മാരെ നമുക്ക് കാണാൻ കഴിയും. ഈ ആയത്ത് ഇറങ്ങാനുണ്ടായ പശ്ചാത്തലം മനസ്സിലാക്കുന്ന വിശ്വാസികൾക്ക് ഇതിനെ അല്ലാഹു അല്ലാത്തവരോട് തേടാനുള്ള തെളിവായി മനസ്സിലാക്കാൻ കഴിയില്ല. അല്ലാഹു ഇങ്ങനെ ദുർവ്യാഖ്യാനിക്കുന്നവർക്ക് മാർഗദർശനം നൽകുമാറാകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. അല്ലാഹു അവർക്ക് ഹിദായത്ത് നൽകുന്നില്ലെങ്കിൽ അത്തരക്കാരുടെ ഫിത്നകളിൽനിന്ന് ഈ സമുദായത്തെ കാത്തു രക്ഷിക്കുമാറാകട്ടെ.

> **അല്ലാഹു ആദരവും മഹത്ത്വവും ഒരാൾക്ക് നൽകുന്നത് കറുത്തവനെന്നോ വെളുത്തവനെന്നോ നോക്കിയിട്ടല്ല. സുന്ദരനും സുമുഖനുമായ അബൂലഹബിനെ ശപിക്കപ്പെട്ടവനായിട്ടാണ് ക്വുർആൻ നമുക്ക് പരിചയപ്പെടുത്തിത്തരുന്നത്. എന്നാൽ കറുത്തവനായ ബിലാലിﷺനെയും ഈ സ്ത്രീയെയും സ്വർഗാവകാശികളായിട്ടാണ് തിരുനബിﷺ നമുക്ക് പരിചയപ്പെടുത്തിയിട്ടുള്ളത്! വിശ്വാസത്തിന്റെയും കർമത്തിന്റെയും അടിസ്ഥാനത്തിലാണ് അല്ലാഹു ഏതൊരാൾക്കും പരിഗണന നൽകുക. അല്ലാഹുവിന്റെ റസൂൽﷺ ആർക്കെങ്കിലും എതിരായി പ്രാർഥിച്ചാലോ? ആ പ്രാർഥനയ്ക്കും ഫലം കാണും. അതിനും ധാരാളം ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണാം.**

### മുഹമ്മദ് നബിﷺയെ ആദ്യം പരാമർശിക്കുന്നു

ക്വുർആനിൽ മുഹമ്മദ് നബിﷺയെയും മറ്റു നബിമാരെയും ഒപ്പം പരാമർശിക്കുമ്പോൾ മുഹമ്മദ് നബിﷺയെയാണ് ആദ്യം പരാമർശിക്കുന്നത്. ഇതും അല്ലാഹു നബിﷺക്ക് നൽകിയ സ്ഥാനത്തെ അറിയിക്കുന്നതാണ്. ഒരു ഉദാഹരണം കാണുക:

"പ്രവാചകൻമാരിൽനിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്). നിന്റെ പക്കൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽനിന്നും (നാം കരാർ വാങ്ങിയ സന്ദർഭം). ഗൗരവമുള്ള ഒരു കരാറാണ് അവരിൽനിന്നെല്ലാം നാം വാങ്ങിയത്" (ക്വുർആൻ 33:7).

നബിﷺക്കുള്ള മഹത്ത്വമാണ് അദ്ദേഹത്തെ പരാമർശിച്ചുകൊണ്ട് തുടങ്ങാൻ കാരണമെന്ന് ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റഹി) പറയുന്നതായി നമുക്ക് കാണാൻ സാധിക്കും. (തുടരും)

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം




# തൗഹീദുള്ളവരുടെ ബാധ്യതകൾ

'തൗഹീദ്' ഇസ്‌ലാമിന്റെ അടിത്തറയും ജീവനുമാണ്. അല്ലാഹുവിന്റെ ഏകത്വത്തിൽ സംശയിക്കാതെയും അതിനെ ചോദ്യം ചെയ്യാതെയും സത്യസന്ധമായി വിശ്വസിക്കാൻ കഴിയുന്നവർക്ക് മാത്രമെ സ്വർഗപ്രവേശനം നേടാനാവുകയുള്ളൂ. അല്ലാഹു പറയുന്നു:

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്" (ക്വുർആൻ 46:13,14).

അബൂഹുറയ്റؓയിൽനിന്ന്; നബിﷺപറഞ്ഞു: "ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യംവഹിക്കുന്ന ഒരു അടിമ അവയിൽ സംശയമില്ലാതെ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും" (മുസ്‌ലിം).

തൗഹീദുള്ളവർക്ക് സ്വന്തത്തോടും സമൂഹത്തോടും നിർവഹിക്കാനുള്ള ബാധ്യതകളെ സംബന്ധിച്ച് പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിച്ചവരിൽതന്നെ ശിർക്കും നിഷേധവും കാപട്യവും പെരുകിവരുന്ന ഈ കാലഘട്ടത്തിൽ അതിനെ വിസ്മരിക്കുക എന്നത് അപകടം നിറഞ്ഞതാണ്.

പ്രവാചകന്മാർ ഒരേ ആദർശത്തിൽ നിലനിന്നുകൊണ്ട് തങ്ങളിൽ അർപ്പിതമായ ബാധ്യതകൾ നിർവഹിച്ചവരായിരുന്നു. ആ മാർഗത്തിൽ അവർ എതിർപ്പുകൾ നേരിട്ടുവെങ്കിൽ പ്രബോധനമാർഗത്തിൽ നിലകൊള്ളുന്നവർ ഇന്നും എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചു തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക" (ക്വുർആൻ 16:36).

പ്രപഞ്ച സ്രഷ്ടാവിന്റെ ഏകത്വം അംഗീകരിക്കുന്നവർ ശ്രദ്ധിക്കേണ്ട പ്രധാന ബാധ്യതകളിൽ ചിലത് സൂചിപ്പിക്കാം.

### അല്ലാഹുവിന് സമ്പൂർണമായി കീഴ്പ്പെടുക

അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കുന്നവർക്ക് മാത്രമെ അവന്റെ ഇഷ്ടദാസന്മാരായി മാറാൻ കഴിയുകയുള്ളൂ. അല്ലാഹു പറയുന്നു: "പറയുക, നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണ് എന്നത്രെ എനിക്ക് ബോധനം നൽകപ്പെടുന്നത്. അതിനാൽ നിങ്ങൾ മുസ്‌ലിംകളാകുന്നുണ്ടോ? എന്നിട്ട് അവർ തിരിഞ്ഞുകളയുകയാണെങ്കിൽ നീ പറയുക: നിങ്ങളോട് ഞാൻ പ്രഖ്യാപിച്ചിട്ടുള്ളത് തുല്യമായ വിധത്തിലാകുന്നു. നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യം ആസന്നമാണോ അതല്ല വിദൂരമാണോ എന്നെനിക്ക് അറിഞ്ഞുകൂടാ" (21:108,109).

ഇമാം സഅ്ദി(റഹി) ഈ സൂക്തത്തെ വിശദീകരിച്ച് പറയുന്നു: "അവർ അല്ലാഹുവിനുള്ള ഇബാദത്തിനും (ആരാധന) ഉലൂഹിയ്യത്തിനും (ആരാധനയിലുള്ള ഏകത്വം) കീഴൊതുങ്ങുന്നവരായിരിക്കും. അപ്രകാരം ചെയ്താൽ മുഴുവൻ അനുഗ്രഹങ്ങൾക്കുംമേൽ ലഭിച്ച ഈ സൗഭാഗ്യത്തിന് അവർ അല്ലാഹുവിനെ സ്തുതിക്കും" (തഫ്സീറുസ്സഅ്ദി/പേജ് 621).

സൃഷ്ടികൾക്ക് അല്ലാഹുവിന്റെ കഴിവിനെ വകവെച്ചുകൊടുക്കുന്നവർ മുസ്‌ലിം സമൂഹത്തിൽ അധികരിച്ചിട്ടുണ്ട്. ഔലിയാക്കൾ മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന ജൽപനം അതിൽപെട്ടതാണ്. വിശ്വാസത്തെ മറയാക്കി തൗഹീദിൽ മായം ചേർക്കാനുള്ള ഇത്തരം പ്രയത്നം അന്ത്യനാളിന്റെ അടയാളങ്ങളായി നബിﷺപഠിപ്പിച്ചതാണ്.

സൗബാൻؓൽനിന്ന്; നബിﷺപറഞ്ഞു: "എന്റെ സമൂഹത്തിൽ ഒരു വിഭാഗം ബഹുദൈവാരാധകരുമായി ചേരുന്നതുവരെയും ബിംബങ്ങളെ ആരാധിക്കുന്നതുവരെയും അന്ത്യനാൾ സംഭവിക്കുകയില്ല" (തിർമിദി).

### വിശ്വാസ വിശുദ്ധി

വിശ്വാസ സംസ്കരണവും അതിലൂന്നിയ കർമങ്ങളുമാണ് സ്വർഗത്തിലേക്കുള്ള പാഥേയം. അല്ലാഹു പറയുന്നു:

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നപക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക്

**തൗഹീദുള്ളവർക്ക് സ്വന്തത്തോടും സമൂഹത്തോടും നിർവഹിക്കാനുള്ള ബാധ്യതകളെ സംബന്ധിച്ച് പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിച്ചവരിൽതന്നെ ശിർക്കും നിഷേധവും കാപട്യവും പെരുകിവരുന്ന ഈ കാലഘട്ടത്തിൽ അതിനെ വിസ്മരിക്കുക എന്നത് അപകടം നിറഞ്ഞതാണ്. പ്രവാചകന്മാർ ഒരേ ആദർശത്തിൽ നിലനിന്നുകൊണ്ട് തങ്ങളിൽ അർപ്പിതമായ ബാധ്യതകൾ നിർവഹിച്ചവരായിരുന്നു. ആ മാർഗത്തിൽ അവർ എതിർപ്പുകൾ നേരിട്ടുവെങ്കിൽ പ്രബോധനമാർഗത്തിൽ നിലകൊള്ളുന്നവർ ഇന്നും എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്.**

നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും" (ക്വുർആൻ 16:97).

നന്മകളെ അവഗണിച്ചും തിന്മകളെ പരിഗണിച്ചും ജീവിക്കുന്നത് വിശ്വാസത്തെ മലിനമാക്കാൻ കാരണമാകും. മുസ്‌ലിം സമൂഹത്തിനുതന്നെ അപമാനകരമാകുംവിധം വിശ്വാസനിഷേധം തലക്ക് പിടിച്ചവർ വലിയ പിഴവിൽ അകപ്പെടുമെന്ന് ക്വുർആൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്നപക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു" (ക്വുർആൻ 4:136).

വിശ്വാസത്തോടെ പ്രവർത്തിച്ചാൽ അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കാൻ കഴിയുമെന്നത് അവനിൽ നിന്നുള്ള വാഗ്ദാനമാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേക്കുമായിട്ട്. അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തന്റെ രക്ഷിതാവിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്" (ക്വുർആൻ 98:7,8).

## ആരാധന നിഷ്കളങ്കമാക്കുക


എവിടെയായിരുന്നാലും അല്ലാഹുവിന്റെ അറിവും നിരീക്ഷണവും തങ്ങളുടെമേൽ ഉണ്ടെന്ന ബോധം വിശ്വാസികൾക്കുണ്ടാകണം. അല്ലാഹു പറയുന്നു: "...നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു"(ക്വുർആൻ 57:4).

ആരാധനകളിൽ ആത്മാർഥത ചോർന്നുപോകാതിരിക്കാൻ തൗഹീദുള്ളവർ കണിശമായും ശ്രദ്ധിക്കണം. ലോകമാന്യത, കാപട്യം, പ്രശസ്തികൊതിക്കൽ ഇതൊന്നും ആരാധന സ്വീകരിക്കപ്പെടാനുള്ള മാനദണ്ഡങ്ങളല്ല. അല്ലാഹു പറയുന്നു:

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം" (ക്വുർആൻ 98:5).

ഇമാം സഅദി(റഹി) പറയുന്നു: "അല്ലാഹുവിനെ ഏകനാക്കി ആരാധിക്കണമെന്നും അതിലൂടെ അവന്റെ മുഖം ലക്ഷ്യംവെക്കണമെന്നും ശിർക്കിൽനിന്ന് വിശ്വാസത്തിലേക്ക് നീങ്ങണമെന്നുമാണ് മതത്തിന്റെ എല്ലാ നിയമങ്ങളിലും കൽപിക്കപ്പെട്ടിട്ടുള്ളത്" (തഫ്സീറുസ്സഅദി).

അബൂ ഉമാമ ﵁ യിൽ നിന്ന്; നബി ﷺ പറഞ്ഞു: "നിശ്ചയം, അല്ലാഹു ആത്മാർഥതയോടെയും അവന്റെ മുഖം കാണണമെന്ന പ്രതീക്ഷയോടെയുമുള്ള പ്രവർത്തനമല്ലാതെ സ്വീകരിക്കുകയില്ല" (നസാഈ).



## തൗഹീദ് പഠിക്കലും പഠിപ്പിക്കലും

ഏതു കാലഘട്ടത്തിലും വന്ന പ്രവാചകന്മാർ സമൂഹത്തെ ക്ഷണിച്ചത് ഏകദൈവാരാധനയിലേക്കാണ്. അതിനെപ്പറ്റിയുള്ള പഠനം മതത്തിന്റെ എല്ലാ നിയമങ്ങളെയും ഉൾകൊള്ളുന്നതാണ്. അതിനാൽ അതിനെക്കുറിച്ച് മനസ്സിലാക്കൽ ഓരോരുത്തരുടെയും വ്യക്തിബാധ്യതയുമാണ്. അല്ലാഹു പറയുന്നു:

"ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനംതേടുക). നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്"(ക്വുർആൻ 47:19).

ഇമാം സഅദി(റഹി)പറയുന്നു: "അല്ലാഹുവിന്റെ തൗഹീദിനെ കുറിച്ചുള്ള അറിവ് ഒരാളും ഒഴിവാകാത്തവിധം സർവരും അറിയൽ നിർബന്ധവും എല്ലാവരും അതിലേക്ക് അത്യാവശ്യക്കാരുമാണ്."

തൗഹീദിന് സാക്ഷിയാകുന്നവരിൽ അറിവുള്ളവർക്ക് വലിയ സ്ഥാനമാണ് നൽകപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നു:

"താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യംവഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു). അവൻ നീതിനിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ" (ക്വുർആൻ 3:18).

ഉസ്മാൻﷺവിൽനിന്ന്; നബിﷺ പറഞ്ഞു: "ഒരാൾ 'ലാഇലാഹ ഇല്ലല്ലാഹു' അറിയുന്നവനായി മരിച്ചാൽ അവൻ സ്വർഗത്തിലാണ്" (മുസ്‌ലിം).

അറിവുള്ളവരായി ചമയുന്നവർക്കും അജ്ഞതയിൽ അകപ്പെട്ടവർക്കും ഇതിന്റെ മഹത്ത്വം ഉൾക്കൊള്ളാൻ കഴിയില്ല. ശരിയായ അറിവുള്ളവർക്കേ അല്ലാഹുവിനെ ഭയന്നും പ്രതീക്ഷിച്ചും പ്രവർത്തിക്കാനാകൂ. അല്ലാഹു പറയുന്നു:

"...അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽനിന്ന് അറിവുള്ളവർ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 35:28).

## പാപമോചന തേട്ടം നിലനിർത്തുക

തെറ്റുകൾ പൊറുത്തുകിട്ടാനുള്ള നിരന്തരമായ തേട്ടം വിശ്വാസികളിലുണ്ടാവണം. മധ്യവർത്തികളെ സ്വീകരിക്കുക, ശിർക്കൻ കേന്ദ്രങ്ങളെ ആശ്രയിക്കുക, നിരാശബാധിച്ച് ഉൾവലിയുക... ഇതൊന്നും പാപമോചനതേട്ടത്തിന്റെ വഴികളല്ല. അല്ലാഹു പറയുന്നു:



"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻതന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവന്നു കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിന് ശേഷം)നിങ്ങൾ സഹായിക്കപ്പെടുന്നതല്ല" (ക്വുർആൻ 39:53,54).

വിശ്വാസികളുടെ സമൂഹത്തിനാകമാനം പാപമോചനം തേടുക എന്നത് തൗഹീദിന്റെ തേട്ടമാണ്. വിശ്വാസചൂഷകരെ തടയാനും വിശ്വാസികൾക്ക് സമാധാനം പകരാനും അതുവഴി സാധിക്കും. നൂഹ് നബിﷺ നടത്തിയ ഒരു പ്രാർഥന കാണുക:

"എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്തുതരേണമേ. അക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർധിപ്പിക്കരുതേ" (ക്വുർആൻ 71:28).

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# രുചിച്ചുനോക്കരുത്; ഒരിക്കലും

"ഈ സ്ഥാപനങ്ങളെയും ആളുകളെയും ഒന്ന് കാണിച്ചുതരാമോ?"

പ്രൊഫഷണൽ വിദ്യാർഥികളുടെ ഹോസ്റ്റലിൽ കയറിവന്ന അപരിചിതൻ നീട്ടിയ പേപ്പറിലേക്ക് നോക്കിയ ഞങ്ങൾക്ക് പെട്ടെന്ന് കാര്യം മനസ്സിലായില്ല. അത് മനസ്സിലാക്കിയ ആഗതൻ സംഗതികൾ കൂടുതൽ വ്യക്തമാക്കി. ഞങ്ങളുടെ സീനിയർ ആയിരുന്ന ഒരു വിദ്യാർഥിയുടെ ബന്ധുവാണ് ഇദ്ദേഹം. കക്ഷിയുടെ സഹോദരിയുടെ മകനായ സീനിയർ വിദ്യാർഥി ഈ കോഴ്സിന് ചേരുമ്പോൾ നല്ല കുട്ടിയായിരുന്നു. എന്നാൽ ചില കൂട്ടുകാരുടെയും നാട്ടുകാരുടെയും ഒപ്പംകൂടി പല ദുശ്ശീലങ്ങളും വശത്താക്കി. പുകവലിയും മദ്യപാനവും അവന് ഒഴിവാക്കാനാവാത്ത അവസ്ഥയിലായി.

കുടിക്കാനും വലിക്കാനും കാശ് തികയാതായപ്പോൾ സഹപാഠികളിൽനിന്നും നാട്ടുകാരിൽനിന്നുമൊക്കെ കടംവാങ്ങി. ദേഹത്ത് അണിഞ്ഞിരുന്ന സ്വർണമാലയും മോതിരങ്ങളുമൊക്കെ പണയംവെച്ച് മദ്യപിക്കാൻ പണം കണ്ടെത്തി. കോഴ്സ് കഴിഞ്ഞ് പോകുമ്പോൾ അയൽവാസികളോടും നാട്ടുകാരോടും പരിചയക്കാരോടുമൊക്കെ യാത്രപറഞ്ഞാണ് എല്ലാവരും പോകാറുള്ളത്. എന്നാൽ ഈ കക്ഷി ആരോടും പറയാതെയാണ് യാത്രയായത്.

വസ്ത്രങ്ങളും പുസ്തകങ്ങളുമൊന്നുമില്ലാതെ അവൻ കയറിച്ചെന്നത് വീട്ടുകാരിൽ സംശയം ജനിപ്പിച്ചു. അണിഞ്ഞിരുന്ന സ്വർണാഭരണങ്ങൾ ദേഹത്തില്ലാത്തത് അവർ ചോദ്യംചെയ്തു. കൂടുതൽ ചോദ്യം ചെയ്തപ്പോൾ പണയംവെച്ച സ്ഥാപനങ്ങളുടെയും പണം കടംവാങ്ങിയത് തിരികെ കൊടുക്കാനുള്ളവരുടെയും വിവരം വീട്ടുകാർക്ക് ലഭിച്ചു. അഭിമാനികളായ വീട്ടുകാരായതിനാൽ പണവുമായി ബന്ധുവിനെ ഹോസ്റ്റലിലേക്ക് അയച്ചു. അദ്ദേഹം എല്ലാവരെയും നേരിൽകണ്ട് എല്ലാവരുടെയും കടങ്ങൾ വീട്ടി. ബാങ്കുകളിൽനിന്നും പണയ സാധനങ്ങൾ തിരിച്ചെടുത്തു.

കോഴ്സിന് ചേരുമ്പോൾ യാതൊരു ദുശ്ശീലവുമില്ലാത്ത വിദ്യാർഥികൾ പോലും ചീത്ത കൂട്ടുകെട്ടുകളിൽ അകപ്പെട്ട് മദ്യത്തിനും മറ്റും അടിമകളായി വീട്ടുകാർക്കും നാട്ടുകാർക്കും ശല്യമായി മാറുന്നത് ഏറെ സങ്കടകരമാണ്. കൃത്യമായ ശ്രദ്ധയും നിയന്ത്രണവും ഈ വിദ്യാർഥിയുടെ കാര്യത്തിൽ വീട്ടുകാർക്ക് ഉണ്ടായിരുന്നെങ്കിൽ ഈ അവസ്ഥയിൽ അവൻ എത്തുമായിരുന്നില്ല.

മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം പുതുതലമുറ 'സ്റ്റാറ്റസ് സിമ്പലും' 'സോഷ്യൽടൂളു'മായൊക്കെയാണ് കണക്കാക്കുന്നത്. ഇതൊക്കെ ഉപയോഗിക്കാത്തവർ ഇക്കാലത്ത് 'ഒന്നിനുംകൊള്ളാത്ത'വരും 'ലോകംതിരിയാത്ത'വരും ഉപയോഗിക്കുന്നവർ കാലത്തിനൊപ്പം സഞ്ചരിക്കുന്നവരുമായി വിശേഷിപ്പിക്കപ്പെടുന്നു.

നവമാധ്യമങ്ങളും സിനിമകളും മറ്റും ലഹരി ഉപയോഗങ്ങളെ മഹത്ത്വവത്കരിക്കുന്ന പ്രവണത അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സർക്കാറുകളുടെ വരുമാനത്തിന്റെ മുഖ്യസ്രോതസ്സുകളിൽ ഒന്നാണ് മദ്യം. അതുകൊണ്ടുതന്നെ സമ്പൂർണ മദ്യനിരോധനം എന്നത് ഒരിക്കലും ഒരു സർക്കാറും നടപ്പാക്കാനിടയില്ല.

വിദ്യാർഥി, യുവജനങ്ങൾ ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെടാതിരിക്കാൻ മത, സാമൂഹിക, സാംസ്കാരിക സംഘടനകൾക്കൊപ്പം അധ്യാപകരും രക്ഷിതാക്കളും വിദ്യാർഥി കൂട്ടായ്മകളും അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ആരോഗ്യത്തെയും സമ്പത്തിനെയും ബന്ധങ്ങളെയും നശിപ്പിക്കുന്ന ലഹരിവസ്തുക്കളോട് 'നോ' പറയാനും 'ഒരിക്കലും രുചിക്കില്ല' എന്ന് ദൃഢനിശ്ചയം ചെയ്യാനും നവതലമുറയെ നാം നന്നായി പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com



# ഡോ: ആർ.കെ. നൂർ മുഹമ്മദ് മദനി: പ്രബോധകർക്ക് മാതൃകയായ പണ്ഡിതൻ

പ്രസിദ്ധ പണ്ഡിതനും പ്രബോധകനുമായിരുന്ന ഡോ: ആർ.കെ.നൂർ മുഹമ്മദ് മദനി അല്ലാഹുവിലേക്ക് യാത്രയായി. തമിഴ്നാട്ടിലെ വെല്ലൂർ ജില്ലയിലായിരുന്നു അദ്ദേഹത്തിന്റെ ജനനം.

നാട്ടിലെ പ്രാഥമിക പഠനത്തിനുശേഷം ഉമറാബാദിലെ ജാമിഅ ദാറുസ്സലാമിൽനിന്ന് ഉമരി ബിരുദം നേടി. 1985ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിഎ പൂർത്തിയാക്കി. ശേഷം മദീനയിലെ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി ചേർന്നു. അവിടെ കുല്ലിയ്യത്തുൽ ഹദീസിൽ നിന്ന് ബിഎ, എംഎ, പിഎച്ച്ഡി എന്നിവ കരസ്ഥമാക്കി. നിരവധി അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

ആൾ ഇന്ത്യാ അഹ്‌ലേ ഹദീസ് സെക്രട്ടറി, തമിഴ്നാട് പോണ്ടിച്ചേരി അഹ്‌ലേ ഹദീസ് പ്രസിഡന്റ്, ചെന്നൈയിലെ ഐആർജിസിയുടെ പ്രസിഡന്റ് തുടങ്ങിയ നിരവധി സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. അറബി, ഇംഗ്ലീഷ്, ഉർദു, തമിഴ് ഭാഷകളിൽ അസാമാന്യ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു.

പ്രബോധന മേഖലയിൽ കർമനിരതനായിരിക്കെയാണ് അദ്ദേഹത്തിന്റെ വിയോഗമുണ്ടായത്. തമിഴ്നാട്ടിൽ തൗഹീദീ പ്രബോധനരംഗത്ത് അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലമാണ്.

കേരളത്തിലെ സലഫി പ്രബോധന മേഖലയിൽ വളരെ തൽപരനായിരുന്നു അദ്ദേഹം. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനുമായി വളരെ ഗാഢമായ ബന്ധമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വിസ്ഡം ഓൺലൈൻ കോൺഫറൻസിന്റെ ഭാഗമായി നടന്ന ഉർദു സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത് അദ്ദേഹമായിരുന്നു.

ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ അദ്ദേഹം സന്ദർശിക്കുകയും കുട്ടികളുമായി ഹൃദ്യമായി സംവദിക്കുകയും ചെയ്തിട്ടുണ്ട്. ജാമിഅയെ ഹൃദയം കൊണ്ട് സ്നേഹിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ജാമിഅയിലെ പി.ജി വിദ്യാർഥികൾക്ക് ആഴ്ചതോറും ഓൺലൈനായി അദ്ദേഹം ക്ലാസ്സെടുത്തിരുന്നു. മരിക്കുന്നതിന്റെ ദിവസങ്ങൾക്കു മുമ്പുവരെ അദ്ദേഹം ക്ലാസ്സെടുത്തിട്ടുണ്ട്.

വിവിധ ഭാഷകളിൽ നിരവധി പ്രഭാഷണങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ധാരാളം ലേഖനങ്ങളും എഴുതിയിട്ടുണ്ട്. 'അക്ളിയത്തുൽ ഖുലഫാഇർറാശിദീൻ' എന്നത് അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥമാണ്.

അറിവിനെ ഗാഢമായി സ്നേഹിച്ച, പ്രബോധ രംഗത്തെ നിറസാന്നിധ്യമായിരുന്ന ആ മഹദ് വ്യക്തിത്വത്തിന്റെ വിയോഗം വലിയ വിടവുതന്നെയാണ്. പണ്ഡിതന്മാരുടെ വിയോഗം സമൂഹത്തിനേൽപിക്കുന്ന ആഘാതം വലുതാണ്. അല്ലാഹു അദ്ദേഹത്തെ സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ)

മമ്മദ് പി.പി, തിക്കോടി
mail@nerpatham.com

ലേഖനം



# ദൈവനിഷേധം യുക്തിയോ യുക്തിരാഹിത്യമോ?

ദൈവം ഇല്ലെന്ന് പഠിച്ചു ബോധ്യപ്പെട്ടതുകൊണ്ടല്ല ചില മനുഷ്യർ ദൈവാസ്തിക്യം നിഷേധിക്കുന്നത്. തന്നിഷ്ടപ്രകാരം ജീവിക്കാനുള്ള ആഗ്രഹം ഒന്നുമാത്രമാണ് ഇവരെ ദൈവനിഷേധികളാക്കുന്നത്. സർവശക്തനായ ഒരു സ്രഷ്ടാവിന്ന് കീഴ്പ്പെട്ട് ജീവിക്കുക എന്നത് അഹങ്കാരികൾക്ക് സാധ്യമല്ല. അതിന് വിനയമുള്ള മനസ്സുവേണം.

എന്തുണ്ട് മനുഷ്യകൈവശം ദൈവത്തെ നിഷേധിക്കാനുള്ള തെളിവായി? കണ്ണിൽ പെടുന്നില്ല എന്നതാണോ? യഥാർഥ രൂപത്തിൽ കണ്ണുകൊണ്ട് കാണാൻ കഴിയാത്ത, എന്നാൽ സാന്നിധ്യംകൊണ്ട് തിരിച്ചറിയുന്ന വായു, വൈദ്യുതി പോലുള്ളവയെ ഇവർ നിഷേധിക്കുന്നുണ്ടോ? സ്വന്തം ഹൃദയമിടിപ്പ് നിയന്ത്രിക്കുന്നതും കിഡ്നിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതും താനാണെന്ന് ആർക്കെങ്കിലും അവകാശപ്പെടാനാകുമോ? ഏതെങ്കിലും മാതാവോ പിതാവോ ഞങ്ങളാണ് സ്വന്തം സന്താനങ്ങൾക്ക് രൂപകൽപനൽകിയതെന്നോ ആണോ പെണ്ണോ ആക്കിസൃഷ്ടിച്ചതെന്നോ അവകാശവാദം ഉന്നയിച്ചിട്ടുണ്ടോ? അതിന് സാധ്യമാണോ?

പദാർഥം എങ്ങനെ പെരുമാറുന്നു എന്ന് പഠിക്കുകയും ആ അറിവ് ഉപയോഗപ്പെടുത്തുകയുമാണ് ശാസ്ത്രം ചെയ്യുന്നത്. പദാർഥം എന്തുകൊണ്ട് അങ്ങനെ പെരുമാറുന്നു എന്ന ചോദ്യം ശാസ്ത്ര പരിധിക്ക് പുറത്താണ്. ഒരു ഓക്സിജൻ തന്മാത്രയും രണ്ട് ഹൈഡ്രജൻ തന്മാത്രയും ചേരുമ്പോൾ വെള്ളം ഉണ്ടാകുന്നു. അഥവാ വേഗത്തിൽ തീപിടിക്കുന്ന ഹൈഡ്രജനും കത്തുവാൻ സഹായിക്കുന്ന ഓക്സിജനും തമ്മിൽ ചേരുമ്പോൾ തീയിനെ കെടുത്തിക്കളയുന്ന വെള്ളം ഉണ്ടാകുന്നു എന്ന് ശാസ്ത്രം കണ്ടെത്തി. എന്നാൽ എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്നത് ശാസ്ത്രപരിധിക്ക് പുറത്താണ്. വെള്ളത്തിന്റെ ഗുണം എവിടെനിന്ന് കിട്ടി? ഉത്തരമില്ല! അപ്പോൾ പദാർഥങ്ങളുടെ ഗുണങ്ങൾ അവയവുടെ സ്വയം കഴിവല്ല; അവയുടെ ആകെത്തുകയുമല്ല.

പ്രപഞ്ചത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. മാറ്റവും നാശവും അതിന്റെ സ്വഭാവങ്ങളാണ്. നശിച്ചുകൊണ്ടിരിക്കുന്ന ഗോളങ്ങളും മാറ്റത്തിന്ന് വിധേയമാകുന്ന നക്ഷത്രങ്ങളും സ്വയംഭൂവാകാൻ തരമില്ല. അങ്ങനെ വരുമ്പോൾ ആകാശങ്ങളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിവരുന്നതിലും അനാദിയായ ഒരു സ്രഷ്ടാവിനെ കണ്ടെത്താൻ സാധിക്കുന്നതാണ്.

പരമാണു മുതൽ എല്ലാറ്റിന്റെയും ഘടനയിലും പ്രവർത്തനത്തിലും അടങ്ങിയ കണിശതയും യുക്തിയും അനിഷേധ്യമാണ്. ഈ യുക്തിസഹവും കണിശതയാർന്നതുമായ പ്രവർത്തനങ്ങൾ നിർവ

ഹിക്കാൻ എങ്ങനെ ഇവയ്ക്ക് കഴിയുന്നു? ബുദ്ധിയും ബോധവുമില്ലാത്ത പരമാണുവിന് എങ്ങനെ കൃത്യതയോടെ ദൗത്യനിർവഹണത്തിന് കഴിയുന്നു? അങ്ങനെ വിശ്വസിക്കുന്നത് യുക്തിയോ യുക്തിരാഹിത്യമോ?

പ്രപഞ്ചോൽപത്തിയെക്കുറിച്ച് പറയുമ്പോൾ ശാസ്ത്രജ്ഞന്മാരെല്ലാം ഒരേപോലെ അംഗീകരിക്കുന്ന വസ്തുതയാണ് അത് വളരെ സൂക്ഷ്മവും കൃത്യവുമായ വ്യവസ്ഥയോടെയാണ് നടന്നിട്ടുള്ളത് എന്നത്. ബിഗ്ബാംഗിന്റെ ബലം കോടിക്കണക്കിന് അംശങ്ങളിൽ ഒരംശം കുറവായിരുന്നുവെങ്കിൽ വികാസം നടക്കുകയോ ഈ കാണുന്നതരത്തിൽ നക്ഷത്രങ്ങളും ഗോളങ്ങളും ഗ്യാലക്സികളും ഉണ്ടാകുകയോ ചെയ്യുമായിരുന്നില്ല. പ്രപഞ്ചം ഉണ്ടാകാൻ വേണ്ട ഘടകങ്ങളിൽ ഏതെങ്കിലും ഒരംശത്തിൽ വ്യത്യാസം വന്നാൽ ഈ പ്രപഞ്ചം ഇങ്ങനെ നിലനിൽക്കില്ലായിരുന്നു. ഭൂമിയിൽ നിന്ന് കൃത്യമായ അകലത്തിൽ സൂര്യൻ നിലകൊള്ളുന്നു. ഭൂമി മനുഷ്യവാസയോഗ്യമായിരിക്കുന്നു. ആകസ്മികമെങ്കിൽ ഈ കൃത്യത സംഭവിക്കുമായിരുന്നോ? ആകസ്മികതയ്ക്ക് ബുദ്ധിയുണ്ടോ ഇങ്ങനെ സൂക്ഷ്മമായി കാര്യങ്ങൾ ചെയ്യുവാൻ?

കാര്യം വളരെ വ്യക്തമാണ്. ചിന്തിക്കുന്നവർക്ക് ഇതിനെല്ലാം പിന്നിൽ ഒരു സ്രഷ്ടാവിനെ, സംവിധായകനെ കണ്ടെത്താൻ പ്രയാസമില്ല. ഭൂമി സൂര്യനിൽനിന്ന് സ്വയം കൃത്യമായ അകലം പാലിച്ച് സ്ഥാനം ഉറപ്പിച്ചു എന്ന് പറയുന്നത് ബുദ്ധിശൂന്യതയല്ലേ? എന്നാലും യുക്തിവാദികൾക്ക് ദൈവത്തിൽ വിശ്വസിക്കുവാൻ ശാസ്ത്രീയമായി തെളിയിക്കണം പോലും. ഒരു യുക്തിവാദി ഒരു കവിതയുടെ സാഹിത്യഭംഗി ശാസ്ത്രീയമായി എങ്ങനെ തെളിയിക്കും? ഭയം, സ്നേഹം, വെറുപ്പ് തുടങ്ങിയ വികാരങ്ങൾ ശാസ്ത്രീയമായി തെളിയിക്കാൻ പറഞ്ഞാൽ ഇവർക്കു സാധിക്കുമോ?

മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ നടക്കുന്ന, അന്ധവിശ്വാസങ്ങളും മാനവവിരുദ്ധ പ്രവർത്തനങ്ങളും മനുഷ്യനിർമിതങ്ങളാണ്. ആത്മീയ ചൂഷണങ്ങൾ മതത്തിന്റെ പേരിൽ നടക്കുന്നുണ്ടെന്ന കാര്യം നിഷേധിക്കുന്നില്ല. നവജാതശിശുവിന്ന് മുലപ്പാൽ നിഷേധിച്ചതും, ജീവൻ തിരിച്ചുവരുമെന്നു വിശ്വാസത്തിൽ മയ്യിത്തുമായി ഒരു കുടുംബം മാസത്തോളം കാത്തിരുന്നതും ഇത്തരം ചൂഷണകേന്ദ്രത്തിൽനിന്നുള്ള നിർദേശപ്രകാരമായിരിക്കുമല്ലോ. സ്രഷ്ടാവിനെയും സൃഷ്ടികളെയും തിരിച്ചറിയാത്തവരും; സ്വന്തം ബുദ്ധിയാണ്, യുക്തിയാണ് ദൈവമെന്ന് വിശ്വസിക്കുന്നവരും ഒരേ ചളിക്കുണ്ടിൽ തന്നെയാണ് ആപതിക്കുക.

ദൈവത്തിൽനിന്നുള്ള പ്രവാചകന്മാരിലൂടെ ലഭിച്ച, മനുഷ്യകൈകടത്തലുകൾക്ക് വിധേയമാകാത്ത സത്യ മതത്തിനേ പ്രസക്തിയുള്ളൂ. സങ്കൽപ ദൈവങ്ങളും മനുഷ്യനിർമിത മതങ്ങളും ഭൂമുഖത്ത് ധാരാളമുണ്ട്. അവിടെ മുട്ടിനിൽക്കുകയാണ് യുക്തിവാദിയുടെ ബുദ്ധി. പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിന്നും പരിപാലനത്തിന്നും കാരണക്കാരനാണ് ദൈവം. പ്രകൃതിയിലെ ഓരോ പ്രതിഭാസത്തിനു പിന്നിലും ദൈവത്തിന്റെ ശക്തിയുണ്ട്. എല്ലാ വ്യവസ്ഥാപിതത്വത്തിന്റെ പിന്നിലും ദൈവമാണുള്ളത്. ആറ്റത്തിനകത്തെ ന്യൂക്ലിയസിലെ സ്പന്ദനങ്ങൾ മുതൽ ആകാശഗോളങ്ങളുടെയും ഭൂമിയുടെയും പരസ്പര ആകർഷണങ്ങളിൽവരെ എല്ലാറ്റിലും സ്രഷ്ടാവിന്റെ ഇടപെടലാണുള്ളത്. ദൈവം പ്രപഞ്ചാതീതനാണ്; പക്ഷേ, അവന്റെ അറിവ് പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നു. ഇസ്‌ലാമിക വീക്ഷണപ്രകാരം രണ്ടുതരം യാഥാർഥ്യങ്ങളുണ്ട്; സ്രഷ്ടാവും സൃഷ്ടികളും. സ്രഷ്ടാവ് ദൈവവും ബാക്കിയെല്ലാം സൃഷ്ടികളും. സ്രഷ്ടാവിന്ന് തുല്യമായി മറ്റൊന്നുമില്ല.

മനുഷ്യസൃഷ്ടിപ്പിനെ കുറിച്ച് ചിന്തിച്ചുനോക്കുക. ഇന്ന് ഒരാൾക്ക് 40 വയസ്സ് പൂർത്തിയായെങ്കിൽ 41 വർഷം മുമ്പ് അയാൾ എവിടെയായിരുന്നു? കളിമണ്ണിന്റെ സത്തയിൽ. പിന്നീട് ഭക്ഷണത്തിലൂടെ, ജലത്തിലൂടെ ധാതുക്കളും ലവണങ്ങളും ഉൾക്കൊണ്ട് ഊർജമായി, രക്തമായി, ഇന്ദ്രിയത്തുള്ളിയായി. ഒരുതുള്ളി ഇന്ദ്രിയത്തിൽ അടങ്ങിയ 30, 0000000 കോടിയിൽപരം ബീജങ്ങളിൽ ഒന്ന് സ്ത്രീയുടെ അണ്ഡവുമായി കൂടിച്ചേർന്ന് ഘട്ടംഘട്ടമായി മനുഷ്യക്കുഞ്ഞായി മാറുന്നു. അതിൽ ആത്മാവ് സന്നിവേശിക്കപ്പെടുന്നു. സമയമാകുമ്പോൾ ഭൂമുഖത്തേക്ക് വരുന്നു. കാണുവാനും കേൾക്കുവാനും ചിന്തിക്കുവാനും സംസാരിക്കുവാനും കഴിവുള്ളവനായി അവൻ മാറുന്നു. കോടാനുകോടി മനുഷ്യരിൽ ഓരോരുത്തരെയും തിരിച്ചറിയുന്ന വിധം വിരലടയാളം നൽകപ്പെടുന്നു. ഇതിന്റെയെല്ലാം പിന്നിൽ യാദൃച്ഛികതയാണുള്ളത് എന്ന് എങ്ങനെ പറയാൻ കഴിയുന്നു? നഗ്ന നേത്രംകൊണ്ട് കാണാൻ കഴിയാത്ത ഒരു ബീജകണത്തിൽ പിതാവിന്റെ തനിസ്വരൂപമുള്ള സന്തതിയെ ഒളിപ്പിച്ചുവെക്കാൻ യാദൃച്ഛികതയ്ക്ക് കഴിയുമോ?

ഇതിനൊക്കെ പിന്നിൽ ഒരു സ്രഷ്ടാവും സംവിധായകനും പരിപാലകനുമായ ഒരു മഹാശക്തിയെ മനുഷ്യന്ന് കാണാൻ കഴിയുന്നില്ലേ?

"മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു" (ക്വുർആൻ 76:1,2).

സ്വാദിഖ് ബിൻ സലീം
sadikibnusalim@gmail.com

കവിത

# സ്നേഹ സമ്മാനം



രണ്ടു പൈതങ്ങളെ കയ്യിൽ ചുമന്നൊരു
മാതാവ് ദൂതർതൻ വീട്ടിലെത്തി.
കണ്ടാൽ ദരിദ്രരായ് തോന്നുമക്കൂട്ടർക്ക്
നൽകുവാനൊന്നുമേയില്ല വീട്ടിൽ.
പ്രിയപത്നി ആഇശ ശങ്കയിലാകുന്നു
എന്തു കൊടുത്തു പറഞ്ഞയക്കും?
കാരക്ക മൂന്നെണ്ണം മാത്രമാണുള്ളത്
സന്തോഷമോടത് നൽകി ബീവി.
രണ്ടു കുഞ്ഞുങ്ങൾക്കും ഓരോന്നു നൽകിയാ
പൊന്നുമ്മ സായൂജ്യമോടെ നിൽക്കെ,
അന്നം മുടങ്ങി പശി മുറ്റി നിൽക്കുന്ന
കുഞ്ഞുങ്ങൾ ആർത്തിയാൽ തിന്നലായി.
ശേഷിച്ച കാരക്ക തിന്നുവാനായ് ഉമ്മ
ശോഷിച്ച കൈകൾ ഉയർത്തിയപ്പോൾ
കുഞ്ഞുമനസ്സിന്റെ തേങ്ങലറിയുന്നു
തെല്ലൊന്ന് ശങ്കിച്ചു നിന്നിടുന്നു.
തിന്നാൻ ഉയർത്തിയ കൈയിലെ കാരക്ക
രണ്ടായി ഭാഗിച്ചവർക്ക് നൽകി.
ഒരു ചീന്തുകാരക്ക പോലുമെ തിന്നാതെ
സ്വന്തം വിശപ്പു സഹിച്ചുനിന്നു.
ആഇശ ബീവിയാൾ അത്ഭുതമോടെയീ
വൃത്താന്തം നബിയോട് ചൊല്ലലായി.
മാതൃസ്നേഹത്തിന്റെയീ മഹനീയ മാതൃക
കേട്ട പ്രവാചകൻ ചൊല്ലിയത്രെ:
‘ആഇശാ കേൾക്ക നീ, ഇയൊരു ചെയ്തിയാൽ
മാതാവവൾ നാളെ ധന്യയാകാം.’
അരുമക്കിടാവിനോടുമ്മ കാണിക്കുന്ന
സ്നേഹമതുപോലും പുണ്യമത്രെ.
ജീവിത യാത്രതൻ നിമിഷങ്ങളിൽ നമ്മൾ
ചൊരിയണം കനിവിന്റെ ശാന്തി മന്ത്രം.
അന്തരാത്മാവിൽ നിറക്കണം നാം നന്മ,
അന്യർക്ക് കോരിക്കൊടുക്കണം ആ നന്മ;
അല്ലാഹുവിൻ തിരുസന്നിധി തന്നിലായ്
വല്ലാത്തൊരനുഭൂതി നുകരുവാനായി നാം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MARCH 27

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




Special **Features** Included

- CURRICULUM FOCUSING ON QURAN, BELIEF SYSTEM, JURISPRUDENCE AND ISLAMIC HISTORY
- GUIDELINES PREPARED BY PANEL EXPERTS IN THE FIELD OF ISLAMIC EDUCATION
- QURAN MEMORIZING WITH TAJWEED
- COMMUNICATIVE ARABIC AND ENGLISH

**Registration** Open for
GRADE 5-9 (Boys Only)

GREEN VALLEY
PUBLIC SCHOOL
Affiliated to CBSE New Delhi, No: 930857
Nellikkaparamba, Mukkam, Calicut

ADMISSION
OPEN 2021-22
For Grade KG - STD 9
+91 9061716600
greenvalleycampus